# വിദ്യാഭ്യാസനയം

370.1

എ.കെ.പി.സി.ടി.എ.

# വിദ്യാഭ്യാസ നയം

എ.കെ.പി.സി.ടി.എ.

All Kerala Private College Teachers Association

**Policy On Education**

First Published, March 1996

AKPCTA

| | |
|---|---|
| *President* | Prof. S. Viswanathan |
| *General Secretary* | Prof. K. P. Divakaran Nair |
| *Academic Committee* | |
| *Chairman* | Prof. Joy Job Kulavelil |
| *Convener* | Prof. Mammen Varkey |

AKPCTA State Committee Office

Ambujavilasam Road, Thiruvananthapuram - 695 001, © 463494

7918

PC Library & Research Center

# വിദ്യാഭ്യാസ നയം

## എ.കെ.പി.സി.ടി.എ.

370.1

## വിഷയക്രമം


- അവതാരിക
- വിദ്യാഭ്യാസനയ രൂപീകരണം - ഒരു കുറിപ്പ്
- ആമുഖം
- വിദ്യാഭ്യാസ ദർശനം-മുഖ്യ അംശങ്ങൾ
- കേരളത്തിലെ വിദ്യാഭ്യാസ രംഗം
- സ്കൂൾ വിദ്യാഭ്യാസം
- ഉന്നത വിദ്യാഭ്യാസം
- സർവ്വകലാശാലകൾ
- കോളജ്ജുകൾ
- പ്രി ഡിഗ്രി പുനഃസംഘാടനം
- അക്കാദമിക പുനഃസംവിധാനം
- ധനകാര്യം
- വിലയിരുത്തൽ പ്രക്രിയ
- അദ്ധ്യാപകർ
- വിദ്യാർത്ഥികൾ
- ചില പൊതു പ്രമേയങ്ങൾ
- ഉപസംഹാരം

# അവതാരിക

എ.കെ.പി.സി.ടി.എ. യുടെ മുപ്പത്തിയെട്ടാം സംസ്ഥാന സമ്മേളനം മഹത്തായ ഒരു ചരിത്രസംഭവത്തിനു സാക്ഷ്യം വഹിക്കുകയാണ്. നമ്മുടെ പ്രസ്ഥാനത്തിൻെറ വിദ്യാഭ്യാസ നയം ഈ സമ്മേളനത്തിൽ വച്ച് പ്രഖ്യാപിക്കപ്പെടുകയാണ്.

കേരളത്തിലെ കോളജ് അദ്ധ്യാപകരനുഭവിച്ചു പോന്നിരുന്ന പീഡനങ്ങളുടെ മദ്ധ്യത്തിൽ അവരുടെ ആത്മാഭിമാനം സംരക്ഷിക്കാനും സേവന വേതന സാഹചര്യം മെച്ചപ്പെടുത്തുവാനും ജന്മമെടുത്ത സംഘടനയാണ്, എ.കെ.പി.സി.ടി.എ. അദ്ധ്യാപകരുടേയും സംഘടനയുടേയും താല്പര്യങ്ങൾ, സമൂഹത്തിൻെറ വിശാലതാല്പര്യങ്ങളും പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി മാത്രമേ കാണാൻ, നമ്മളെന്നും ശ്രമിച്ചിട്ടുള്ളു. അദ്ധ്യാപകരുടെ സേവന-വേതന താല്പര്യസംരക്ഷണത്തിൻെറ വൃത്തത്തിനു പുറത്തേയ്ക്കു വ്യാപിക്കുന്നതാണ്. എ.കെ.പി.സി.ടി.എ.യുടെ ചരിത്രപരമായ ഉത്തരവാദിത്തമെന്നും മനസ്സിലാക്കിയിരുന്നു. ത്യാഗോജ്ജ്വലമായ അസംഖ്യം സമരങ്ങളിലൂടെ കോളജദ്ധ്യാപകരുടെ സേവന സാഹചര്യങ്ങളിൽ വലിയ പുരോഗതിയുണ്ടാക്കാൻ നമുക്കു സാധിച്ചു. വിദ്യാഭ്യാസ ഭരണക്രമത്തിൻെറ ജനാധിപത്യവത്കരണത്തിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു. ഇന്നും പ്രശ്നങ്ങളുണ്ട്. ചില പ്രശ്നങ്ങൾ ഗുരുതരമാണു താനും. എങ്കിലും അക്കാദമിക രംഗത്തും പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കാൻ സംഘടന ആരംഭിച്ചിരിക്കുകയാണ്. ഒരുപക്ഷേ, ഈ പ്രവർത്തനം നേരത്തെ സമാരംഭിക്കേണ്ടതുമായിരുന്നിരിക്കാം. അടിയന്തിരമായി ഈ പ്രവർത്തനം ഏറ്റെടുക്കാൻ, പ്രധാനമായും മൂന്നു കാരണങ്ങളാണുള്ളത്.

ഒന്ന്, വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമെന്ന നിലയിൽ ആ മേഖലയുടെ പുനഃസൃഷ്ടി, എ.കെ.പി.സി.ടി.എ.യുടെ അവശ്യകർത്തവ്യമാണ്. രണ്ട്, കേരളത്തിലെ വിദ്യാഭ്യാസരംഗം പൊതുവേയും ഉന്നത വിദ്യാഭ്യാസ രംഗം പ്രത്യേകിച്ചും അതിഗുരുതരമായ ജീർണ്ണതയിലകപ്പെട്ടിരി

ക്കുകയാണ്. മൂന്ന്, ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധിയുടെ മറവിൽ, ഈ രംഗം സമൂലം ഉടച്ചുവാർക്കാൻ ഭരണകൂടവും അനുബന്ധ താല്പര്യങ്ങളും സംഘടിതശ്രമം ആരംഭിച്ചിരിക്കുന്നു. ഇതിന് അവർ അവലംബിക്കുന്നത് ദേശീയ വിദ്യാഭ്യാസ നയവും പുത്തൻ സാമ്പത്തിക സമീപനങ്ങളും ആണ്. വിദ്യാഭ്യാസത്തെ ഒരു ചരക്കാക്കി നിർവചിച്ചുകൊണ്ട്, ആഗോളകമ്പോളത്തിൻെറ, പ്രമാണങ്ങൾ വിദ്യാഭ്യാസമണ്ഡലത്തിന്നാകെ നിയാമകമാക്കുകയാണവർ ചെയ്യുന്നത്. സങ്കല്പനപരമായും, സംഘാടനാപരമായും അടിസ്ഥാന മാറ്റങ്ങൾ വരുത്തുവാൻ അവർ തീവ്രശ്രമം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഈ മാറ്റങ്ങൾ വിദ്യാഭ്യാസത്തെ പ്രയോഗപരമായും, പ്രയോജനപരമായും, ബഹുഭൂരിപക്ഷം മനുഷ്യർക്ക് അന്യമാക്കും.

ഈ സങ്കീർണ്ണ സാഹചര്യം എ.കെ.പി.സി.ടി.എ.യെ രണ്ടുതരം പ്രവർത്തനങ്ങൾക്ക് നിർബന്ധിച്ചിരിക്കുന്നു. ഒന്ന്, കമ്പോളപ്രമാണങ്ങൾക്ക് വിദ്യാഭ്യാസത്തെ അടിയറവെയ്ക്കുന്നതിന്നെതിരായ ധീരമായ സമരങ്ങൾക്ക്. രണ്ട്, ഒരു മൗലിക വിദ്യാഭ്യാസ ദർശനം രൂപപ്പെടുത്താനും, ആ ദർശനത്തിൻെറ അടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തെ പൊതുവെയും, ഉന്നത വിദ്യാഭ്യാസത്തെ പ്രത്യേകിച്ചും പുനഃസൃഷ്ടിക്കുന്ന പ്രക്രിയ ആരംഭിക്കാൻ. പൊതുസമൂഹത്തിൻെറ ആവശ്യങ്ങളും അഭിലാഷ ങ്ങളും പൂർണ്ണമായി നിറവേറ്റാൻ പ്രാപ്തമാകണം ഉന്നത വിദ്യാഭ്യാസം. ഇതാണ് പുനഃസൃഷ്ടിയുടെ ലക്ഷ്യം.

ഈ മഹത്തായ പ്രവർത്തനങ്ങൾക്ക് ആധാരമാക്കാനും, നിരന്തര പ്രചോദനമരുളാനും ഒരു സമഗ്ര വിദ്യാഭ്യാസനയം എ.കെ.പി.സി.ടി.എ. രൂപപ്പെടുത്തിയിരിക്കുകയാണ്.

ഈ വിദ്യാഭ്യാസ നയം രണ്ടുവർഷം ദീർഘിച്ച നമ്മുടെ അംഗങ്ങൾക്കിടയിലെയും പുറത്തെയും വ്യാപകമായ ചർച്ചകളിലൂടെ തയ്യാറാക്കിയതാണ്. ആശയപരമായും സംഘടനാപരമായും അതികഠിനമായ ഈ പ്രവർത്തനത്തിനു നേതൃത്വം നല്കിയത് എ.കെ.പി.സി.ടി.എ.യുടെ അക്കാദമിക് സമിതിയാണ്. ഈ ഒരൊറ്റ പ്രവർത്തനത്തിലൂടെ ആ സമിതിയുടെ രൂപീകരണം നീതിമത്കരിക്കപ്പെട്ടിരിക്കുന്നു. അവർക്ക് സംഘടനയുടെ ആത്മാർത്ഥ നന്ദി. ഈ നയരേഖയുടെ രൂപീകരണത്തിൽ സഹായിച്ച മറ്റു സുഹൃത്തുക്കൾക്കും പ്രത്യേകം കൃതജ്ഞത.

ഈ നയരേഖയുടെ പ്രകാശനം ഒരേസമയം തന്നെ സംഘടനയുടെ പ്രവർത്തനത്തിന് സുദൃഢ അടിസ്ഥാനം

നല്കുന്നതും, നിരന്തരമായ പുനഃസൃഷ്ടിക്ക് ആഹ്വാനം ഉയർത്തുന്നതും ആത്മവിമർശനത്തിനു പ്രേരിപ്പിക്കുന്നതും ആണ്. ഈ അവസരത്തിൽ,

ഈ നയരേഖ ദീപ്തമാക്കുന്ന മാർഗ്ഗത്തിലൂടെ, സമൂഹത്തിലെ മറ്റു വിഭാഗങ്ങളോടൊപ്പം വിദ്യാഭ്യാസത്തിൻെറ മൗലിക പുനഃസംഘാടനത്തിനായി പ്രവർത്തിക്കാനുള്ള എ.കെ.പി. സി.ടി.എ.യുടെ പ്രതിജ്ഞാബദ്ധത ആവർത്തിച്ചു പ്രസ്താവിക്കട്ടെ.

അഭിമാനത്തോടെ, പ്രതീക്ഷയോടെ കലാലയ സമൂഹത്തിൻേറയും കേരളത്തിലെ ജനങ്ങളുടേയും മുൻപാകെ എ.കെ. പി.സി. ടി.എ.യുടെ വിദ്യാഭ്യാസ നയങ്ങൾ പ്രഖ്യാപിക്കട്ടെ.

കെ.പി. ദിവാകരൻ നായർ
ജനറൽ സെക്രട്ടറി
എ.കെ.പി.സി.ടി.എ.

16.3.1996

# വിദ്യാഭ്യാസ നയ രൂപീകരണം

## ഒരു കുറിപ്പ്

ഒരു വിദ്യാഭ്യാസ നയത്തിനു രൂപം നല്കാൻ എ.കെ.പി.സി.ടി.എ. എടുത്ത തീരുമാനം ഒരേസമയം. ധീരമാണ്, സാഹസികമാണ്, ചരിത്രപരമായ ബാദ്ധ്യതയുടെ നിർവ്വഹണവുമാണ്. ഇതൊരു യാദൃച്ഛികതയല്ല. എ.കെ.പി.സി.ടി.എ.യുടെ ഇതഃപര്യന്തമുള്ള പ്രവർത്തനത്തിനും വിദ്യാഭ്യാസനയരൂപീകരണത്തിനും ഒരു അവിച്ഛിന്നതയുണ്ട്.

## അല്പം ചരിത്രം

ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചിരുന്ന അദ്ധ്യാപകരുടെ കഷ്ടപ്പാടുകളിൽ നിന്നുമാണ് എ.കെ.പി.സി.ടി.എ.ഉയിർകൊണ്ടത്. സേവന, വേതന കാര്യങ്ങളിലെ അതിഭയങ്കരമായ ചൂഷണവും ആത്മാഭിമാനം വ്രണപ്പെടുത്തുന്ന സാഹചര്യവും, സ്വാഭാവികയും, സംഘടനയെ കോളജ് മാനേജ്മെൻറുകൾക്കും അവരെ പിന്തുണയ്ക്കുന്ന അധികാരശക്തികൾക്കുമെതിരെയുള്ള ദീർഘവും, തീവ്രവുമായ പോരാട്ടങ്ങളിലേക്കു നയിച്ചു. വിദ്യാഭ്യാസ രംഗത്തിൻെറ ജനാധിപത്യവത്കരണവും, അദ്ധ്യാപകസമൂഹത്തിൻെറ ജീവിതാവസ്ഥ മെച്ചപ്പെടുത്തലും ആയിരുന്നു ലക്ഷ്യങ്ങൾ. കഠിനവും ത്യാഗപൂർണ്ണവുമായ സമരപരമ്പരകളിലൂടെ ഈ ലക്ഷ്യങ്ങൾ കുറെയൊക്കെ നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു. ഇവിടെ ശ്രദ്ധേയമായ ഒരു കാര്യമുണ്ട്. അദ്ധ്യാപകരുടെ കഷ്ടപ്പാടും, വിദ്യാഭ്യാസത്തിൻെറ ഗർഹണീയമായ അവസ്ഥയും ഒറ്റപ്പെട്ട കാര്യങ്ങളായി എ.കെ.പി.സി.ടി.എ. കണ്ടില്ല. അവ ഏതെങ്കിലും വ്യക്തികളുടെയോ, സാമുദായിക ഖണ്ഡങ്ങളുടേയോ സ്വേച്ഛാപരമായ പ്രവർത്തനത്തിൻെറ മാത്രം ഫലവുമായിരുന്നില്ല. സമൂഹത്തിൻെറ പൊതു അവസ്ഥയിലാണ് വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ ഉണ്ടാകുന്നതും മൂർച്ഛിക്കുന്നതും. അതുകൊണ്ട് പൊതുസമൂഹത്തിൻെറ മാറ്റം അദ്ധ്യാപകരുടെയും അടിസ്ഥാന ലക്ഷ്യമത്രേ. സമൂഹത്തിൻെറ മൗലിക മാറ്റത്തിനു വേണ്ടി പ്രവർത്തിക്കുന്നവരോടൊത്തു ചേരേണ്ടത് അദ്ധ്യാപകരുടെ ആവശ്യവും. ഈ തിരിച്ചറിവ് അദ്ധ്യാപക താല്പര്യങ്ങൾ സംരക്ഷിക്കാനാണ് ഏറെ സഹായിച്ചിട്ടുള്ളതെന്ന് ഒരുപക്ഷേ സമ്മതി

ക്കണമായിരിക്കും. അദ്ധ്യാപകരാകട്ടെ, സമൂഹമാറ്റത്തിന് എന്തു സംഭാവന നല്കിയിട്ടുണ്ടെന്നുള്ളത് ആത്മവിമർശനകരമായി പരിശോധിക്കേണ്ടിയും വരും. ഉന്നത വിദ്യാഭ്യാസത്തിൻെറ പുനഃസൃഷ്ടിക്ക് കോളജ് അദ്ധ്യാപകർക്ക് എന്തുചെയ്യാൻ കഴിഞ്ഞുവെന്നും വേദനയോടെ അന്വേഷിക്കേണ്ടതുണ്ട്. സാമൂഹിക ഉത്തരവാദിത്തം നിർവഹിക്കാനുള്ള എ.കെ.പി.സി.ടി.എ.യുടെ സ്വയബാദ്ധ്യതയുടെ പ്രതിഫലനമാണ് വിദ്യാഭ്യാസ നയ രൂപീകരണം. ഇതിന്നർത്ഥം സംഘടനയ്ക്ക് ഇന്നുവരെ വിദ്യാഭ്യാസ നയങ്ങളുണ്ടായിരുന്നില്ലെന്നേ അല്ല. എ.കെ.പി.സി.ടി.എ.യുടെ നയങ്ങൾ ദാർശനികതെളിമയോടെ, ശാസ്ത്രീയമായി, ചിട്ടയായി, സമഗ്രമായി, സംഗ്രഹിച്ച് ലിഖിത രൂപത്തിലാക്കുന്നുവെന്ന് മാത്രം.

ഈ പ്രവർത്തനം ഒരു അടിയന്തിരബാദ്ധ്യതയായിത്തീർന്നതിന് ചില പ്രത്യേക കാരണങ്ങളുണ്ട്. കേരളത്തിലെ വിദ്യാഭ്യാസരംഗം ആകെയും ഉന്നത വിദ്യാഭ്യാസരംഗം പ്രത്യേകിച്ചും പ്രതിസന്ധിയുടെ നീർച്ചുഴിയിലാണ്. ഒട്ടേറെ ഘടകങ്ങൾ ഒന്നിച്ചാണ് ഈ ഗുരുതരപ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത്. ഈ പ്രതിസന്ധിയുടെ ആഴം വർദ്ധിക്കുന്ന അതേ സമയത്തു തന്നെ, ആഗോള ദേശീയ തലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ, സാമ്പത്തിക മാറ്റങ്ങളുടെ നിർബന്ധത്താൽ, കേരളത്തിലും വിദ്യാഭ്യാസരംഗത്ത് വൻപിച്ച പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒട്ടേറെ കാര്യങ്ങൾ ഭരണവർഗ്ഗം ചെയ്തുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസം സാധാരണക്കാർക്ക് അന്യമാക്കുന്നതാണ് ഈ നടപടികൾ. ഇവ തടയേണ്ടത് ആവശ്യം തന്നെ. പക്ഷേ, അതുമാത്രം പോരാ. സമൂഹത്തിൻെറ ആവശ്യങ്ങളും അഭിലാഷങ്ങളും സഫലീകരിക്കാൻ സമർത്ഥമായ ഒരു വിദ്യാഭ്യാസക്രമം സൃഷ്ടിക്കാനുള്ള പ്രവർത്തനവും കൂടിയേ തീരു. ഒരു പുതിയ വിദ്യാഭ്യാസ വ്യവസ്ഥയുടെ സൃഷ്ടിക്കാധാരമായ നയരൂപവത്കരണം അതുകൊണ്ട് എ.കെ.പി.സി.ടി.എ.യുടെ അടിയന്തിര കർത്തവ്യമാണ്. ഇത് നിർവ്വഹിക്കേണ്ടത് കേരളത്തിൻെറ ചരിത്രത്തിലും സാമൂഹിക യാഥാർത്ഥ്യങ്ങളുടെ അടിത്തറയിലും നിന്നുകൊണ്ടാകണം. ഈ നയങ്ങളുടെ വെളിച്ചത്തിൽ ഉന്നത വിദ്യാഭ്യാസത്തെ സങ്കല്പനപരമായും പ്രയോഗപരമായും പുനഃസംഘടിപ്പിക്കാനുള്ള വ്യക്തമായ പരിപാടികൾക്കു രൂപം നല്കുകയും വേണം. ഈ രണ്ടു കാര്യങ്ങൾ ചെയ്യാൻ, നിശ്ചയദാർഢ്യത്തോടെ എ.കെ.പി.സി.ടി.എ. തീരുമാനിച്ചിരിക്കുകയാണ്. അക്കാദമിക് കമ്മറ്റിയുടെ രൂപീകരണവും ഏറെ ശ്രദ്ധയും സമയവും ചെലവഴിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും അതിനു തെളിവാണ്.

## അടിസ്ഥാന ദർശനം

നയരൂപവത്കരണത്തിൽ ഏറ്റവും പ്രധാനം, അടിസ്ഥാന ദർശനത്തിൻെറ ആവിഷ്കാരമാണ്. വിദ്യാഭ്യാസം സാമൂഹിക പ്രക്രിയയാണ്. അറിവ്

സാമൂഹിക നിർമ്മിതിയും. ശബ്ദങ്ങളും ലിപികളും മാത്രം മാധ്യമമായ ഒരു പ്രവർത്തനമല്ല വിദ്യാഭ്യാസം. അദ്ധ്വാനവും അനുഭവവുമെല്ലാം കേന്ദ്രീയമായ പ്രക്രിയയാണത്. വിദ്യാഭ്യാസത്തിൻെറ മൗലികധർമ്മം സാമൂഹിക പാരസ്പര്യത്തിൽ, പ്രകൃതിയോടിണങ്ങി എല്ലാ മനുഷ്യരുടെയും സ്വാതന്ത്ര്യം സാക്ഷാത്കരിക്കുകയെന്നതാണ്. ഈ ദർശനത്തിൻെറ അടിസ്ഥാനത്തിൽ ഇന്നത്തെ വിദ്യാഭ്യാസ വ്യവസ്ഥിതിയെ വിമർശിക്കാനും പുതിയ ഒന്നിൻെറ ഏകദേശ രൂപം സൂചിപ്പിക്കാനുമാണ് നയരേഖയിൽ ശ്രമിച്ചിട്ടുള്ളത്.

## നയരൂപീകരണശ്രമങ്ങൾ

കഴിഞ്ഞ രണ്ടു വർഷമായി എ.കെ.പി.സി.ടി.എ. അക്കാദമിക് കമ്മറ്റി നടത്തിയ നിരന്തര പഠനത്തിൻെറയും ചർച്ചയുടെയും അദ്ധ്വാനത്തിൻെറയും ഫലമാണ് ഈ രേഖ. ഇതിൻെറ കരടുരൂപം ആലുവായിൽ വച്ചു നടന്ന മുപ്പത്തിയേഴാം സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ചു. അന്ന് ശ്രീ. ഇ.എം.എസ്സും പിന്നീട് നിരവധി പ്രശസ്ത വിദ്യാഭ്യാസ പ്രവർത്തകരും ഈ രേഖയെ പ്രകീർത്തിക്കുകയുണ്ടായി. സംസ്ഥാന സമ്മേളനത്തിൽ വിശദമായ ചർച്ച നടന്നു. ആവശ്യമായ ഭേദഗതികൾ വരുത്തി പ്രസിദ്ധീകരിക്കാനുള്ള മാൻഡേറ്റ് നല്കുകയും ചെയ്തു. ബ്രാഞ്ചുകളിലേയും സർവ്വകലാശാലാ തലങ്ങളിലേയും ചർച്ചകൾക്കുശേഷം സംസ്ഥാന കമ്മിറ്റിയും വർക്കിംഗ് കമ്മിറ്റിയും വീണ്ടും വിശദമായി പരിശോധിച്ചു. ആവശ്യമായ ഭേദഗതികളോടെ നയരേഖയ്ക്ക് അന്തിമ രൂപ നല്കുകയും ചെയ്തു.

വിദ്യാഭ്യാസക്രമത്തിൻെറ എല്ലാ തലങ്ങളും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ പ്രമേയങ്ങളും അർഹമായ വിധത്തിൽ വിശദമായി പ്രതിപാദിക്കാൻ രേഖയുടെ ദൈർഘ്യപ്രശ്നം കാരണം കഴിഞ്ഞിട്ടില്ല.

## നന്ദി

ഈ രേഖയുടെ കരടു തയ്യാറാക്കിയ കഴിഞ്ഞവർഷം അക്കാദമിക് കമ്മിറ്റി ചെയർമാൻ പ്രൊഫ. പി.ജി. ചന്ദ്രശേഖരൻ നായരും എ.കെ.പി.സി.ടി.എ. പ്രസിഡണ്ട് പ്രൊഫ. എൽ.ജി. വർഗ്ഗീസും ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻ നായരും ആയിരുന്നു. അന്തിമരൂപം നല്കിയ ഈ വർഷം എ.കെ.പി.സി.ടി.എ.യുടെ അദ്ധ്യക്ഷൻ പ്രൊഫ. എസ്. വിശ്വനാഥനും ജനറൽ സെക്രട്ടറി പ്രൊഫ. കെ.പി. ദിവാകരൻ നായരുമാണ്. സംഘടനയുടെ ഉപാദ്ധ്യക്ഷനായ പ്രൊഫ. ജോയി ജോബ് കുളവേലിൽ ആണ് അക്കാദമിക് കമ്മിറ്റി ചെയർമാൻ. പ്രൊഫ. സി.ജി. ശിവശങ്കരൻ, ഡോ. കെ.എൻ. ഗണേശ്, ഡോ. ജോൺ മത്തായി, പ്രൊഫ. പി.ജെ. ഫിലിപ്പ്, പ്രൊഫ. കെ.കെ.ജി. പിള്ള, പ്രൊഫ. ടി. കെ.ജി. നായർ,

പ്രൊഫ. മാമ്മൻ വർക്കി എന്നിവരുമടങ്ങിയ അക്കാദമിക് സമിതിയായിരുന്നു കരടുരേഖ തയ്യാറാക്കിയത്. ഈ രേഖയുടെ രചനയ്ക്കായി സമിതി നിരവധി തവണ സമ്മേളിച്ചിട്ടുണ്ട്. പല തലങ്ങളിലുമുള്ളവരുമായി ഒട്ടേറെ ചർച്ചകൾ നടത്തിയിട്ടുമുണ്ട്. ഈ രണ്ടു വർഷങ്ങളിലെ വർക്കിംഗ് കമ്മിറ്റി അംഗങ്ങളുടെ സജീവ സഹകരണവും താല്പര്യവും നിർദ്ദേശങ്ങളും ഈ നയരൂപവത്കരണശ്രമത്തിൽ തീർച്ചയായും, നിർണ്ണായക പ്രാധാന്യമർഹിക്കുന്നതായിരുന്നു. വ്യത്യസ്ത സമിതികളുടേയും നിരവധി സുഹൃത്തുക്കളുടേയും കൂട്ടായ ചിന്തയുടേയും അദ്ധ്വാനത്തിൻേറയും ഫലമാണ്, എ.കെ.പി.സി.ടി.എ.യ്ക്ക് അഭിമാനിക്കാവുന്ന ഈ വിദ്യാഭ്യാസ നയരേഖ.

## ഉപസംഹാരം

മൗലികമായ വിദ്യാഭ്യാസ മാറ്റത്തിന് ദാർശനിക വ്യക്തതയും, ദിശാനിശ്ചയവും, പ്രായോഗിക പൂർവ്വാപരബന്ധവും, ക്ഷീണിക്കാത്ത കർമ്മബദ്ധതയും നല്കാൻ ഈ വിദ്യാഭ്യാസ നയരേഖ ശക്തമാകട്ടെ. നിലവിലുള്ള സാഹചര്യത്തിൻെറ എല്ലാ പ്രാതികൂല്യങ്ങളുടെയും മധ്യത്തിൽ ഒരു പുതിയ സാമൂഹിക, വിദ്യാഭ്യാസ വ്യവസ്ഥിതി സൃഷ്ടിക്കാനുള്ള വെല്ലുവിളി ഉയർത്താൻ ഈ രേഖയ്ക്കു കഴിയട്ടെ.

**മാമ്മൻ വർക്കി**
കൺവീനർ
അക്കാദമിക് കമ്മിറ്റി

16.3.1996

# എ.കെ.പി.സി.ടി.എ.
# വിദ്യാഭ്യാസനയം

## 1. ആമുഖം

1.00 വിദ്യാഭ്യാസ വ്യവസ്ഥയുടെ മൗലിക പരിവർത്തനം പ്രതിജ്ഞാബദ്ധതയോടെ ഏറ്റെടുത്തിട്ടുള്ള പ്രസ്ഥാനമാണ് എ.കെ.പി.സി.ടി.എ.

1.01 വിദ്യാഭ്യാസക്രമത്തിൻെറ നിശിതമായ വിമർശനവും സമഗ്രമായ നവീകരണവും ഉണ്ടാകണം. അതിന് ആധാരമാക്കുന്ന ദർശനത്തിൻേറയും നയങ്ങളുടേയും സ്പഷ്ടമായ നിർവചനവും തെളിമയാർന്ന ആവിഷ്കാരവും പ്രസ്ഥാനത്തിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിന് അനിവാര്യമാണ്.

1.10 ഈ കാലഘട്ടം വിദ്യാഭ്യാസക്രമത്തിൻെറ നിരവധി മാറ്റങ്ങളാൽ മുദ്രിതമാണ്. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നവയാണ് ഈ മാറ്റങ്ങൾ. സാമ്പത്തിക, സാമൂഹിക മേഖലകളെയാകെ ഉടച്ചുവാർക്കുന്ന ഘടനാ പുനഃസംവിധാനവും, ഉദാരവത്കരണവും ദേശീയ ലക്ഷ്യങ്ങളുടെ മുൻഗണനാക്രമത്തെ, സാധാരണ ജനങ്ങളുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി തകിടം മറിച്ചിരിക്കുന്നു. സ്വാഭാവികമായും, വിദ്യാഭ്യാസ സംവിധാനത്തിലും ഗുരുതരമായ മാറ്റങ്ങൾക്ക് അതിടയാക്കിയിരിക്കുന്നു.

1.20 കാലാകാലങ്ങളിൽ ദേശീയ തലത്തിൽ സ്വീകരിച്ച വിദ്യാഭ്യാസ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിൽ ഉണ്ടായ പരാജയം അതിഭീമവും അക്ഷന്തവ്യവുമാണ്. വിദ്യാഭ്യാസ രംഗത്തിൻെറ വളർച്ചയുടെ കാര്യത്തിൽ മാത്രമല്ല അതു സംഭവിച്ചത്. ഗുണപരമായ മാറ്റം കൈവരിക്കുന്നതിലും വികസനാവശ്യങ്ങൾ നിർവഹിക്കുന്നതിലും ഒരു 'സ്വതന്ത്ര, പരമാധികാര, മതേതര, സോഷ്യലിസ്റ്റ്' രാജ്യത്തിന്നാവശ്യമായ മൂല്യസൃഷ്ടിയിലും സാമൂഹികാവബോധരൂപീകരണത്തിലുമൊക്കെ പരാജയം ദൃശ്യമാണ്.

1.21 വിദ്യാഭ്യാസ ക്രമത്തിൻെറ ഈ വീഴ്ച ദേശീയ കമ്മിഷനുകൾ തന്നെ അംഗീകരിക്കുന്നു. സ്വതന്ത്ര ഭാരതത്തിൽ ഏറ്റവുമൊടുവിൽ നിയമിതമായ

വിദ്യാഭ്യാസ കമ്മറ്റികളിലൊന്നായ ആചാര്യ രാമ മൂർത്തി കമ്മറ്റി ഇന്നത്തെ അവസ്ഥ വിലയിരുത്തുന്നതിപ്രകാരമാണ്. "മൗലികമായ പരിവർത്തന ത്തെക്കുറിച്ചു നമ്മൾ തുടർച്ചയായ പ്രസ്താവങ്ങൾ നടത്തിയിരുന്നുവെങ്കി ലും, നമ്മുടെ വിദ്യാഭ്യാസം, ഇന്നും, ബ്രിട്ടീഷ് വാഴ്ചക്കാലത്തെ അതേ ധാരണകളാലും ലക്ഷ്യങ്ങളാലും മൂല്യങ്ങളാലും ആണ് ഭരിക്കപ്പെടുന്നത്."[1]

1.22 വിദ്യാഭ്യാസ വ്യവസ്ഥയുടെ സമഗ്രമായ പുനഃസംഘാടനം ഭരണവർഗ്ഗം ലക്ഷ്യമായി പോലും വച്ചിരുന്നില്ലെന്നു സംശയിക്കാൻ ധാരാ ളം ന്യായങ്ങളുണ്ട്. ഇന്ത്യയെയാകെ കണ്ടും ഭൗതികവും സാമൂഹികവു മായ പ്രശ്നങ്ങളുടെ ആഴങ്ങളിലേക്കിറങ്ങിയും ഇന്ത്യയുടെ സാംസ്കാ രിക നവോത്ഥാനം മുമ്പിൽ വച്ചുമുള്ള വിദ്യാഭ്യാസ പരിഷ്കാരം ഭരണകൂടം വിഭാവനം ചെയ്തില്ലെന്നുള്ളതാണ് വസ്തുത. എങ്കിലും ദേശീ യതലത്തിൽ സ്വീകരിച്ച പൊതു സ്കൂൾ വ്യവസ്ഥ, സമ്പൂർണ്ണ സാക്ഷരത, നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ പ്രൈമറി വിദ്യാഭ്യാസം, സാമൂഹിക വികസനത്തോട് ഇണപിരിയാത്ത ഉന്നത വിദ്യാഭ്യാസം തുടങ്ങിയ ലക്ഷ്യങ്ങളെങ്കിലും നേടിയെടുത്തിരുന്നുവെങ്കിൽ വിദ്യാഭ്യാ സരംഗം കുറെ മെച്ചപ്പെട്ടുമായിരുന്നു. പക്ഷേ അതു സംഭവിച്ചില്ല. കാര്യക്ഷമതാരാഹിത്യത്തിൻെറ മാത്രം പ്രശ്നമല്ലിത്. കാര്യക്ഷമതമാത്രം വർദ്ധിപ്പിച്ച് വിദ്യാഭ്യാസപ്രതിസന്ധി പരിഹരിക്കാനാകുമെന്ന സങ്കുചിതത സമീപനമാണ് ഇന്നെവിടെയും പ്രബലം. അതു പ്രശ്നപരിഹാരത്തിന് അപര്യാപ്തമാണ്.

1.30 കോളനി വാഴ്ചക്കാലത്തെ വിദ്യാഭ്യാസ വ്യവസ്ഥയുടെ അടി സ്ഥാന കുഴപ്പങ്ങൾ ഇവയാണ്. (1) എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം നിയമപരമായി അംഗീകരിക്കപ്പെട്ടു. പക്ഷേ എല്ലാവർക്കും വിദ്യാഭ്യാസം നല്കുന്നതിനുള്ള ബാദ്ധ്യത ഭരണകൂടം ഏറ്റെടുത്തില്ല. ഫലമോ, വിദ്യാഭ്യാസം കുറച്ചുപേരുടെ പ്രത്യേക അവകാശമായി നിലനിന്നു. (2) ബ്രിട്ടീഷുകാർക്ക് ഇന്ത്യ ഒരു കോളനി മാത്രമായിരുന്നു. അതിനാൽ, ഒരു കോളനിയുടെ ധർമ്മം നിർവഹിക്കാൻ ആവശ്യമായ ത്രയും മാത്രം വിദ്യാഭ്യാസം നല്കുന്നതിലൊതുങ്ങി ബ്രിട്ടിഷ് സാമ്രാജ്യ വാഴ്ചയുടെ വിദ്യാഭ്യാസ ലക്ഷ്യം. ഒരു കോളനിക്ക് ഉത്പാദനപ്രക്രിയയി ലുള്ള പരിമിത പങ്കിൻെറ മാത്രം പ്രശ്നമല്ലിത്. അവർ നിർമ്മിച്ച ഉപഭോ ഗവസ്തുക്കൾക്ക് നിർബന്ധപൂർവ്വം, ഇവിടെ കമ്പോളമൊരുക്കിയതുപോ ലെ, ബ്രിട്ടിഷുകാർ പാശ്ചാത്യ അറിവിൻേറയും ചിന്താരീതികളുടേയും മൂല്യങ്ങളുടേയും വിമർശനരഹിതമായ ഉപഭോഗത്തിനു വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ കമ്പോളമൊരുക്കി. അറിവിൻെറ ഏകപക്ഷീയമായ കൈമാറ്റ പ്രക്രിയയെ വിദ്യാഭ്യാസമെന്ന് അവർ നിർവചിച്ചു. വിമർശനരാ

ഹിത്യം ഈ വിദ്യാഭ്യാസ പ്രക്രിയയുടെ അവശ്യസ്വഭാവമായിരുന്നു. വിദ്യാഭ്യാസം അന്വേഷണാത്മകമോ, സൃഷ്ട്യുന്മുഖമോ ആയിരുന്നില്ല. പ്രതിഷേധരഹിതമായ ബോധരൂപീകരണവും ക്രിയാത്മകതയുടെ മുരടിപ്പിക്കലും ഈ വിദ്യാഭ്യാസപദ്ധതിയുടെ സ്വാഭാവിക സൃഷ്ടികളായിരുന്നു. (3) വൈവിധ്യമാർന്ന ഭാരതീയ സംസ്കാരത്തിൻെറ സമ്പന്നത അംഗീകരിക്കാതിരിക്കുകയും പാശ്ചാത്യമായ മൂല്യബോധത്തിലേക്കും സാംസ്കാരിക ശൈലികളിലേക്കും മനുഷ്യരെ മെരുക്കിയെടുക്കുകയും ചെയ്യുകയെന്നത് ഈ വിദ്യാഭ്യാസക്രമത്തിൻെറ ലക്ഷ്യങ്ങളായിരുന്നു. ഈ നാടിൻെറ സാംസ്കാരിക സ്രോതസ്സുകളിൽ നിന്നുള്ള അന്യവത്കരണവും പാശ്ചാത്യമായതെന്തിനോടുമുള്ള അഭിനിവേശവുമായിരുന്നു ഫലം. ഭാരതീയ ഭാഷകൾ പുഷ്ടിപ്പെടുത്താതെ, ഇംഗ്ലീഷ് ഭാഷയ്ക്കു പ്രാമുഖ്യം നല്കിയാണ് സാംസ്കാരികമായ കോളനിവാഴ്ച ആധിപത്യമുറപ്പിച്ചത്. വികസനത്തിൻെറയും, പുരോഗതിയുടെയും പാശ്ചാത്യമാതൃകകൾ ഈ വിദ്യാഭ്യാസരീതിയുടെയും അന്തർധാരയായിരുന്നു. അക്കാര്യം വിദ്യാഭ്യാസനയരൂപീകരണപ്രക്രിയയിൽ ഇന്നത്തെ ഭരണകൂടം സൗകര്യപൂർവ്വം അവഗണിക്കുകയും ചെയ്തു. (4) സ്വതന്ത്രവും സ്വാശ്രയത്വത്തോടുകൂടിയതുമായ ഒരു ഇന്ത്യയ്ക്കു വേണ്ട സാമ്പത്തിക, സാമൂഹിക വളർച്ച കൈവരിക്കുക, അത്തരമൊരു വികസനത്തിന്നാവശ്യമായ അടിസ്ഥാന സാങ്കേതിക വൈദഗ്ധ്യം ഒരുക്കുക തുടങ്ങിയവയൊന്നും ഒരു കൊളോണിയൽ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ ലക്ഷ്യങ്ങളാവുക വയ്യല്ലോ. അതുകൊണ്ടുതന്നെ സന്തുലിതമായ ദേശീയ വികസനത്തോടു ഒരു വിധത്തിലും പൊരുത്തപ്പെടാത്ത ഒരു വിദ്യാഭ്യാസക്രമമാണ് അവർ ഇവിടെ സൃഷ്ടിച്ചത്. ഉത്പാദനപ്രക്രിയയുടെ പൂർണ്ണവളർച്ച അവർ ആഗ്രഹിച്ചില്ല; വിദ്യാഭ്യാസത്തെ ഉത്പാദനപ്രക്രിയയുമായി ബന്ധിപ്പിക്കാൻ തയ്യാറായതുമില്ല.

1.31 കൊളോണിയൽ വിദ്യാഭ്യാസത്തിൻെറ ഈ അടിസ്ഥാന അപാകതകൾ ഇന്നും ശക്തമായി തുടരുന്നുവെന്നാണ് ആചാര്യരാമമൂർത്തി കമ്മറ്റിയുടെ വിലയിരുത്തൽ. ഇംഗ്ലീഷ് വിദ്യാഭ്യാസം ഈ നാടിന്നൊരു നന്മയും ചെയ്തിട്ടില്ലെന്നല്ല വിവക്ഷ. സാർവ്വത്രിക വിദ്യാഭ്യാസമെന്ന തത്ത്വം അംഗീകരിച്ചതും, ലിബറൽ മൂല്യങ്ങൾ പ്രചരിപ്പിച്ചതും, ആധുനിക ശാസ്ത്രം, സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തിയതും, വിശാലമായ സാംസ്കാരിക വിനിമയം സാധ്യമാക്കിയതുമൊക്കെ അതിൻെറ ഗണനീയമായ സംഭാവനകൾ ആണ്. പക്ഷേ ബ്രിട്ടിഷ് ആധിപത്യം ഇവിടെ സ്ഥാപിച്ച വിദ്യാഭ്യാസ വ്യവസ്ഥയുടെ നാല് അടിസ്ഥാന പ്രശ്നങ്ങൾ ഇന്നും തുടരുന്നു. അതിനാൽ വിദ്യാഭ്യാസ ക്രമത്തിൻെറ സമ്പൂർണ്ണമായ മാറ്റമാണ്, ഇന്ന്, ഇന്ത്യ ലക്ഷ്യം വയ്ക്കേണ്ടത്.

1.40 പക്ഷേ, 1986 ലെ ദേശീയ വിദ്യാഭ്യാസ നയം, സൂക്ഷ്മമായ വിശകലനത്തിൽ, ഈ ലക്ഷ്യത്തിൻെറ തിരസ്കാരമാണ്. ആധുനികീകരണത്തിൻെറ മറവിൽ ഒരു നവ കൊളോണിയൽ വ്യവസ്ഥയത്രേ അത് വിഭാവനം ചെയ്യുന്നത്. ആ വ്യവസ്ഥയ്ക്കിണങ്ങുന്ന മൂല്യബോധവും യുക്തിചിന്തയും മനുഷ്യവിഭവങ്ങളും ഒരുക്കാൻ വിദ്യാഭ്യാസ പ്രക്രിയയെ പുനർ നിർവചിക്കുകയും വിദ്യാഭ്യാസ സംവിധാനത്തെ പരുവപ്പെടുത്തുകയും ചെയ്യുവാനാണ് ദേശീയ വിദ്യാഭ്യാസനയംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ആഗോള കമ്പോളത്തിൻെറ പ്രമാണങ്ങൾക്കും താല്പര്യങ്ങൾക്കും വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായി വിധേയപ്പെടുത്തുവാനുള്ള തീവ്ര ശ്രമമത്രേ ഇന്നത്തെ ഏറ്റവും ഭീഷണമായ യാഥാർത്ഥ്യം.

1.41 കൊളോണിയൽ കാലഘട്ടത്തിലിട്ട അസ്ഥിവാരത്തിന്മേൽ പടുത്തതും കമ്പോളാധിഷ്ഠിതമായ പുത്തൻ ലോകക്രമത്തിന്നനുരൂപമായി പുനർക്രമീകരണം ചെയ്തുകൊണ്ടിരിക്കുന്നതുമായ വിദ്യാഭ്യാസ സങ്കല്പനങ്ങളുടേയും വിദ്യാഭ്യാസ ഘടനകളുടേയും സമഗ്രവും മൗലികവുമായ പരിവർത്തനത്തിൽ കുറഞ്ഞ ഒന്നും ഒരു 'സ്വതന്ത്ര, പരമാധികാര, മതേതര, സോഷ്യലിസ്റ്റു' രാഷ്ട്രമായ ഇന്ത്യയ്ക്കു ലക്ഷ്യമായി വയ്ക്കാൻ ആവില്ല.

# 2. വിദ്യാഭ്യാസ ദർശനം- മുഖ്യ അംശങ്ങൾ

2.00 ഓരോ വിദ്യാഭ്യാസ ദർശനത്തിനും ആധാരമായി വർത്തിക്കുന്ന ഒരു മനുഷ്യദർശനം ഉണ്ട്. 'മനുഷ്യൻ സ്വതന്ത്രനാണ്, സ്വന്തം ഭാഗധേയം നിർണ്ണയിക്കാൻ അവകാശവും പ്രാപ്തിയുമുള്ളവൻ. ഈ ലോകത്തിൽ പ്രവർത്തിക്കുകയും ലോകത്തെ പരിവർത്തിപ്പിക്കുകയും ചെയ്യുകയാണ് അവൻെറ സത്താപരമായ നിയോഗം. ആ കർമ്മ നിബദ്ധതയിലാണ് മനുഷ്യൻ, വ്യക്തിയായും സമൂഹമായും, നിറവും ധന്യതയുമാർന്ന ജീവിതത്തിൻെറ നിരന്തരമായ പുതിയ സാധ്യതകളിലേക്കു മുന്നേറുന്നത്.[2]

2.10 ഈ ലോകത്തെ പരിവർത്തിപ്പിച്ചുകൊണ്ടു മാത്രമേ, വ്യക്തികളായും കൂട്ടമായും പൂർണ്ണതയുടേയും ധന്യതയുടേതുമായ വിശാലസാധ്യതകളിലേക്കു പുരോഗമിക്കാനാവുകയുള്ളുവെന്ന ദർശനം ഇന്നത്തെ വിദ്യാഭ്യാസപ്രക്രിയയെ സമഗ്രമായി മാറ്റാനും പുനഃസൃഷ്ടിക്കാനും പര്യാപ്തമാണ്.

2.20 മനുഷ്യരെല്ലാവരും സ്വതന്ത്രർ ആണ്, ആകണം. പക്ഷേ, ഇന്ന് ചില വിഭാഗങ്ങൾ മറ്റു വിഭാഗങ്ങളുടെ മേൽ അധീശത്വം പുലർത്തുകയും അവരെ കേവലം വിധേയരും ഉപഭോക്താക്കളുമാക്കി മാറ്റുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ മനുഷ്യരെ സ്വാതന്ത്ര്യത്തിനു പ്രാപ്തരാക്കുകയാണ് വിദ്യാഭ്യാസത്തിൻെറ പരമ പ്രധാന കർത്തവ്യം. 'സമ്പൂർണ്ണ സ്വാതന്ത്ര്യത്തിനു മനുഷ്യരെ പ്രാപ്തരാക്കുന്ന സമഗ്രസാംസ്കാരിക പ്രക്രിയയാണ് വിദ്യാഭ്യാസം'

2.21 അതുകൊണ്ട് വിദ്യാഭ്യാസം, അവശ്യം, ഒരു അധികാരമാർജ്ജിക്കൽ പ്രക്രിയയാണ്[3]. ആ അർത്ഥത്തിൽ ഒരു രാഷ്ട്രീയ പ്രവർത്തനവുമാണ്. വിദ്യാഭ്യാസ പ്രക്രിയ മനുഷ്യനെ ഒന്നുകിൽ വിമോചിപ്പിക്കും, അല്ലെങ്കിൽ അധീശത്വ ശക്തികളുടെ സാംസ്കാരികതയിലേക്കു മെരുക്കിയെടുക്കും. അപ്പോൾ, ഒരു വിദ്യാഭ്യാസവും നിഷ്പക്ഷമല്ല. ഔപചാരിക വിദ്യാഭ്യാസം നടത്തുന്ന മെരുക്കിയെടുക്കൽ വെളിപ്പെടുത്താതിരിക്കുകയെന്ന ഗൂഢോദ്ദേശ്യമാണ് വിദ്യാഭ്യാസം ഒരു അരാഷ്ട്രീയ പ്രക്രിയയാണെന്ന വ്യാഖ്യാനത്തിൻെറ പുറകിലുള്ളത്.

2.30 വിദ്യാഭ്യാസം തദ്ദേശീയവും നിർവ്യാജവുമായ സാംസ്കാരിക പൈതൃകത്തിൽ വേരുറപ്പിച്ചതാകണം. തനതായ സാംസ്കാരിക പൈതൃകത്തിൽ

കാലുറപ്പിക്കാത്ത ഒരു പ്രക്രിയ യഥാർത്ഥ വിദ്യാഭ്യാസമാകില്ല. അതേസമയം വിമർശനാത്മകത കൈമോശം വരാതെ സൂക്ഷിക്കകയും വേണം. സാംസ്കാരിക പൈതൃകത്തിൻെറ ജീർണ്ണവും പുരോഗമനാത്മക വുമായ അംശങ്ങൾ വേർതിരിച്ചറിയുകയും സ്വീകാര്യമായവ സംരക്ഷിച്ചു ശക്തീകരിക്കുകയും വേണം. ആർജ്ജിത വിജ്ഞാനത്തിൻെറ വിമർശനവും സംസ്കരണവും സംരക്ഷണവും കൂടെയാണ് വിദ്യാഭ്യാസം.

2.40 സമൂഹത്തിൻെറ വികസന, സേവനപരമായ ആവശ്യങ്ങൾ സമർത്ഥമായി നിറവേറ്റാൻ പര്യാപ്തമാകണം വിദ്യാഭ്യാസപ്രക്രിയ. ഉല്പാദന പ്രക്രിയയുമായി ബന്ധിപ്പിച്ചു വേണം വിദ്യാഭ്യാസവികസനത്തിൻെറ ആസൂത്രണം. അതുകൊണ്ട് മനുഷ്യജീവിതത്തിന്നർത്ഥം നല്കുന്ന, സമൂഹത്തെ നിലനിർത്താനും പുരോഗമിപ്പിക്കാനും ധന്യമാക്കാനും ആവശ്യമായ തൊഴിലഭ്യസനത്തിന് വിദ്യാഭ്യാസ പ്രക്രിയയിൽ സവിശേഷസ്ഥാനമുണ്ട്. പക്ഷേ, സമൂഹനിലനില്പിൻെറ മാനദണ്ഡത്തിൽ നീതീകരിക്കാൻ കഴിയുന്നതാകണം ഈ തൊഴിലഭ്യസനം.

2.41 വിദ്യാഭ്യാസം, സമഗ്രമായ ദർശനത്തിൽ, കേവലം തൊഴിൽ പരിശീലനമല്ല. അറിവിൻെറ ഉപഭോക്താക്കളെ സൃഷ്ടിക്കുന്ന പ്രക്രിയയുമല്ല. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാകണമെന്ന നിലപാടിന്നെതിരല്ല ഈ ദർശനം. തൊഴിലഭ്യസനത്തോടൊപ്പം മറ്റു ചില മൗലിക ധർമ്മങ്ങളും വിദ്യാഭ്യാസത്തിനു നിർവഹിക്കാനുണ്ടെന്ന് വിവക്ഷ. വിദ്യാഭ്യാസത്തെ വെറും തൊഴിൽ പരിശീലനമായും വിദ്യാർത്ഥികളെ അറിവിൻെറ സംഭരണികൾ മാത്രമായും വ്യാഖ്യാനിക്കാൻ നടക്കുന്ന വ്യാപക ശ്രമത്തിന്നിടയിൽ ഈ തിരിച്ചറിവ് പ്രാധാന്യമർഹിക്കുന്നു.

2.50 മൗലികമായ ഒരു വിദ്യാഭ്യാസ ദർശനത്തിൽ അദ്ധ്യാപകർ ആരാണെന്ന ബോധം നിർണ്ണായകമാണ്. ഒരു ഉപഭോക്തൃ വ്യവസ്ഥയിലെ അറിവിൻെറ 'എടുത്തു കൊടുപ്പുകാർ' അല്ല അവർ; തൊഴിലിൻെറ പരിശീലകരോ, വ്യവസ്ഥിതി കഷ്ടിച്ചു നിലനിർത്താനാവശ്യമായ ബോധത്തിൻെറ സൃഷ്ടികർത്താക്കൾ പോലുമോ അല്ല അവർ. സ്വതന്ത്രവും നീതിപൂർവ്വകവും നിലനില്ക്കാൻ യോഗ്യവുമായ ഒരു സാമൂഹിക, പ്രപഞ്ചവ്യവസ്ഥിതിക്കു വേണ്ടി അവരോടൊത്തു പ്രവർത്തിക്കാൻ ഓരോ തലമുറയേയും തയ്യാറാക്കുന്നവരാണ് അദ്ധ്യാപകർ. മൂല്യപരമായി പരിവർത്തിപ്പിക്കുന്നവർ; സർഗ്ഗപരമായി ശക്തീകരിക്കുന്ന സാംസ്കാരിക പ്രവർത്തകർ. ഭരണവർഗ്ഗത്തിൻെറ അധീശത്വയുക്തി സർവ്വ വൈജ്ഞാനിക, ധൈഷണിക മേഖലകളെയും ആവാഹിച്ചിരിക്കുന്ന ഇന്ന് പാഠനിഷേധവും പഠനവും തുല്യപ്രാധാന്യമർഹിക്കുന്നു.[4] പഠനമാകട്ടെ വാക്കും പ്രവൃത്തിയും ചേർന്ന സമഗ്രതയുമാണ്. അങ്ങനെ വരുമ്പോൾ, അധ്യാപനം, ഒരേ

സമയം, ഉദാത്തമായൊരർത്ഥത്തിൽ, സംഹാരാത്മകവും സൃഷ്ടിപരവുമാണ്. എല്ലാ അർത്ഥനിറവോടും കൂടെ ഈ ചരിത്രബാദ്ധ്യത ഏറ്റെടുക്കുന്നവരാണ് അദ്ധ്യാപകർ.

2.60 സാമൂഹിക വ്യവസ്ഥിതിയോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതാണ് ഔപചാരിക വിദ്യാഭ്യാസക്രമം. അതുകൊണ്ട് ഒരു വിദ്യാഭ്യാസക്രമത്തിന് ഇന്നുള്ള സാധ്യത പരിമിതമാണെന്നു വരാം. എങ്കിലും വിദ്യാഭ്യാസത്തിൻെറ വൈരുദ്ധ്യാത്മകതയിൽ നിന്നും ഉദ്ഭുതമാകുന്ന സാധ്യതകൾ അവഗണിക്കപ്പെട്ടു കൂടാ. ആ സാധ്യതകളുടെ അന്വേഷണം ഇന്നു നടക്കണം. നിലവിലുള്ള സാഹചര്യത്തിൽ നിന്നുകൊണ്ടുതന്നെ വിദ്യാഭ്യാസവ്യവസ്ഥയുടെ സമൂലമായ മാറ്റത്തിന് വേണ്ടി പ്രവർത്തിക്കുകയാണ് ആവശ്യം.

# 3. കേരളത്തിലെ വിദ്യാഭ്യാസ രംഗം

3.00 ജനകീയ പങ്കാളിത്തത്തിലൂടെ ഏറെക്കുറെ സമ്പൂർണ്ണസാക്ഷരത കൈവരിക്കാൻ കഴിഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ ആകെ സാക്ഷരതയാകട്ടെ 52.11 ശതമാനം മാത്രവും. ഈ വ്യത്യാസം കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിൻെറ സ്ഥിതി മനസ്സിലാക്കാനുള്ള ഒരു നല്ല സൂചികയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇവിടെ പ്രചരിപ്പിക്കുന്നതിന് മിഷ്യനറിമാരും സ്വകാര്യ ഏജൻസികളും സർക്കാരും അവരവരുടേതായ നിർബന്ധങ്ങളാൽ കാണിച്ച താല്പര്യവും, വിദ്യാഭ്യാസ അഭിനിവേശം ജനങ്ങളിലുണ്ടാക്കുന്നതിന് പുരോഗമന സാമൂഹിക, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നടത്തിയ പ്രയത്നവും ആണ് കേരളത്തിൻെറ അഭിമാനാർഹമായ ഈ നേട്ടത്തിനു കാരണം.

3.10 എന്നാൽ വിദ്യാഭ്യാസത്തിൻെറ മറ്റു മേഖലകളിൽ ഇന്ന്, കേരളം ഒരു പ്രതിസന്ധി നേരിടുകയാണ്. നിലവാരത്തകർച്ച, തൊഴിലിനു പ്രയോജനപ്പെടാത്ത പാഠ്യപദ്ധതി, വർദ്ധിച്ചുവരുന്ന അഴിമതി, പരീക്ഷകളുടെ വിശ്വാസ്യതാ നഷ്ടം, കമ്പോളവത്കരണം, തുടങ്ങിയ പ്രശ്നങ്ങൾ കേരളത്തിൻെറ വിദ്യാഭ്യാസമണ്ഡലത്തെയാകെ കലുഷിതമാക്കിയിരിക്കുകയാണ്. ഈ ഓരോ പ്രശ്നത്തെക്കുറിച്ചും വിശദചർച്ച ആവശ്യമുണ്ട് ഈ രേഖയിൽ നിവൃത്തിയില്ലെങ്കിലും. ഓരോ പ്രശ്നത്തിൻെറയും സൂക്ഷ്മമായ വിശകലനം പരിഹാരം കണ്ടുപിടിക്കാൻ കൂടിയേ തീരൂ. ഒരു ഉദാഹരണം എടുക്കുക; അത് നിലവാരത്തകർച്ചയുടേതു തന്നെയാകട്ടെ. ചില അഖിലേന്ത്യാ മത്സരങ്ങളിൽ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വേണ്ടത്ര വിജയിക്കാനാകുന്നില്ലെന്നാണ് നിലവാരത്തകർച്ചയ്ക്കു തെളിവായി ചിലർ ചൂണ്ടിക്കാട്ടുന്നത്. മറ്റു ചിലർക്ക്, ചില അഖിലേന്ത്യാ സിലബസ്സുകൾ ഇവിടെ അതേപടി പകർത്തുന്നില്ലെന്നാണ് ആക്ഷേപം. ഇംഗ്ലീഷ് സമർത്ഥമായി കൈകാര്യം ചെയ്യുന്നതിനുള്ള കേരളീയ വിദ്യാർത്ഥികളുടെ കഴിവില്ലായ്മയാണ് മറ്റൊരു കൂട്ടർക്കു പ്രശ്നം. ഇതൊക്കെയാണോ നിലവാരത്തകർച്ചയുണ്ടെന്ന നിഗമനത്തിന് ആധാരമാക്കേണ്ടത്? നിലവാരത്തകർച്ച ഇല്ലെന്നല്ല വിവക്ഷ. പക്ഷേ, എന്തിനെയാണ് നിലവാരത്തകർച്ചയെന്നു വിശേഷിപ്പിക്കേണ്ടതെന്നുള്ളതാണ് കാതലായ കാര്യം. ആ ധാരണയായിരിക്കും പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങളുടെ സ്വഭാവം തന്നെ നിർണ്ണയിക്കുക. ഇതു പാഠ്യപദ്ധതികളുടെ പുനഃസംവിധാനം, പരീക്ഷാപരിഷ്കരണം, സാമ്പത്തിക ഞെരുക്കം തുടങ്ങിയ

പ്രശ്നങ്ങൾക്കും ബാധകമാണ്. പ്രതിസന്ധിക്കുറവിടമായ പ്രശ്നങ്ങളെ സാധാരണ ജനങ്ങളുടെ പക്ഷം ചേർന്നും, അക്കാദമിക താല്പര്യം മുൻനിർത്തിയും സൂക്ഷ്മമായ ഒരു വിശകലനത്തിനു വിധേയമാക്കുകയാണ് പ്രാഥമികമായി ചെയ്യേണ്ടത്. ഓരോ പ്രശ്നത്തിൻെറയും വിശദമായ അപഗ്രഥനം ഇവിടെ സാധ്യമല്ല. പൊതുവായ ചില നയസമീപനങ്ങളെ അവതരിപ്പിക്കാനാവൂ. അത് സ്കൂൾ തലത്തെ സംബന്ധിച്ച്, വളരെ സാമാന്യമായ ചില പ്രസ്താവനകളിലൊതുക്കുകയാണ്. സർവ്വകലാശാലാതലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അല്പം കൂടെ വിശദമായി പ്രതിപാദിക്കാം.

# 4. സ്കൂൾ വിദ്യാഭ്യാസം

4.00 കേരളത്തിലിന്ന് 12,000 ലധികം സ്കൂളുകളും 2 ലക്ഷം അദ്ധ്യാപകരും, 62 ലക്ഷം വിദ്യാർത്ഥികളും ഉണ്ട്. ശരാശരി 3 കിലോമീറ്ററിനുള്ളിൽ ഒരു സ്കൂൾ ലഭ്യമാണ്. സ്കൂൾ പ്രായമായ ഏറെക്കുറെ 100 ശതമാനം കുട്ടികളും, സ്കൂളുകളിൽ ചേരുന്നു. 10-ാം ക്ലാസ്സുവരെ ഇവരിൽ ഭൂരിപക്ഷവും പഠനം തുടരുന്നു, എസ്.എസ്.എൽ.സി. പരീക്ഷയിൽ പകുതിയോളം പേർ ജയിക്കുന്നില്ലെങ്കിൽ പോലും. ഈ കണക്കുകളെല്ലാം അഭിമാനാർഹമാണ്. പ്രത്യേകിച്ച് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുടെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ. എന്നാൽ വിദ്യാഭ്യാസ പ്രക്രിയയ്ക്കു നല്കിയ നിർവചനവും ലക്ഷ്യങ്ങളും മാനദണ്ഡമാക്കുമ്പോൾ, കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിൽ മൗലികമായ മാറ്റങ്ങൾ ഉണ്ടാകണമെന്നു വ്യക്തമാകും.

4.10 സ്കൂൾ വിദ്യാഭ്യാസതലത്തെ ശാസ്ത്രീയമായി പുനർവിഭജിക്കുകയും ഓരോ തലത്തിൻെറയും ഉദ്ദേശ്യങ്ങൾ വ്യക്തമായി നിർവചിക്കുകയും വേണം. പ്രി-പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി ഈ ഘട്ടങ്ങളുടെയെല്ലാം ഉദ്ദേശ്യങ്ങൾ കുറെയൊക്കെ വ്യത്യസ്തമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഉദാ. പ്രി-പ്രൈമറി തലത്തിൻെറ കാര്യമെടുക്കുക. ഈ തലത്തിൽ വിദ്യാർത്ഥികളിൽ ഖണ്ഡം ഖണ്ഡമായ അറിവുകളുടെ നിക്ഷേപം നടത്തുവാനുള്ള വെപ്രാളമല്ല ആവശ്യം. പ്രകൃതിയേയും, സമൂഹത്തേയും അവനവനെത്തന്നേയും കണ്ണും, കാതും, മനസ്സും തുറന്ന് ഉദ്വേഗത്തോടെ, ആർദ്രതയോടെ നിരീക്ഷിക്കാനുള്ള താല്പര്യം ഉണ്ടാക്കുകയെന്നതാണ് പ്രധാനം. മത്സരത്തിൻെറ പ്രയോജനമല്ല, പാരസ്പര്യത്തിൻെറ മൂല്യം ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. അറിയുകയെന്നത് ആഹ്ലാദകരമായ അനുഭവമായിത്തീരണം. അതൊരു കായിക, മാനസിക-പീഢനമാകാൻ പാടില്ല. ചോദ്യങ്ങൾ ഉന്നയിക്കാനുള്ള ധീരത കൈവരിക്കാനിടയാകണം. പക്ഷേ, ഇന്ന് ഉയർന്ന ക്ലാസ്സുകളുടെ സമ്പ്രദായം എല്ലാവിധത്തിലും പ്രി-പ്രൈമറി ക്ലാസുകളിലും അനുകരിക്കപ്പെടുന്നു. ബോധനരീതികളിലും, സമീപനങ്ങളിലും കാര്യമായ മാറ്റം ദൃശ്യമല്ല. ഇതിനാണൊരന്ത്യമുണ്ടാവേണ്ടത്. ഓരോ തലത്തിൻെറയും സവിശേഷ ലക്ഷ്യങ്ങൾക്കനുരൂപമായ ഭൗതിക അന്തരീക്ഷം, പാഠ്യക്രമം, ബോധനരീതി, അദ്ധ്യാപക മാനേജ്മെൻറ് സമീപനം സൃഷ്ടിക്കപ്പെടണം.

4.11 വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ച് ശ്രേണീപരമായ ഒരു ധാരണയല്ല ആവശ്യം. ഒരു ഘട്ടം മറ്റൊരു ഘട്ടത്തിലേക്കു നയിക്കുകയാണ് സ്വാഭാവികതയെന്നും സ്കൂൾ വിദ്യാഭ്യാസം കോളജ് വിദ്യാഭ്യാസത്തിനുവേണ്ട തയ്യാറെടുപ്പ് മാത്രമാണെന്നുമുള്ള ചിന്തയിൽ മാറ്റം വരണം. പത്താം ക്ലാസ്സു കഴിഞ്ഞ് വഴിതിരിയാനുള്ള സാദ്ധ്യത സൃഷ്ടിക്കുന്നതാകണം, സെക്കണ്ടറി വിദ്യാഭ്യാസം. ഹയർ സെക്കണ്ടറി കോഴ്സ് ആകട്ടെ, നിർബന്ധമായും, 'ടേർമിനൽ' സ്വഭാവമുള്ളതായിരിക്കണം.

4.20 സ്കൂൾ ആരംഭിക്കുന്നതിനു കൂടുതൽ ശാസ്ത്രീയവും ജനാധിപത്യപരവും നീതിപൂർവ്വകവുമായ ഒരു നയം ഉണ്ടാകണം. പ്രാദേശികവും സാമൂഹിക വിഭാഗപരവുമായ സന്തുലിതാവസ്ഥ പാലിക്കണം. ഇത്തരമൊരു നയത്തിൻെറ പശ്ചാത്തലത്തിൽ കമ്പോള മദ്ധ്യവർഗ്ഗതാല്പര്യങ്ങളെ തൃപ്തിപ്പെടുത്താൻ അംഗീകൃത വിദ്യാലയങ്ങൾ അനുവദിക്കുന്നത് അവസാനിപ്പിക്കണം.

4.30 കേരളത്തിലെ സ്കൂളുകളെല്ലാം-അംഗീകൃത, സ്വകാര്യ, സർക്കാർ സ്കൂളുകളെല്ലാം-സാമൂഹിക നിയന്ത്രണത്തിൽ കൊണ്ടുവരണം. അവയുടെ ഉടമസ്ഥതയുടെ കൈമാറ്റമല്ല വിവക്ഷ. എല്ലാ സ്കൂളുകളിലും നിയമാധിഷ്ഠിതമായ രക്ഷാകർത്തൃ-അദ്ധ്യാപക-അനദ്ധ്യാപക സമിതികളുണ്ടാകണം. സ്കൂളുകളുടെ പ്രവർത്തനങ്ങൾ ജനാധിപത്യതത്ത്വങ്ങൾക്ക് വിധേയമായി നടത്തപ്പെടണം. തിരഞ്ഞെടുക്കപ്പെടുന്ന സമിതികൾക്ക് സ്കൂളുകളെ വിമർശിക്കാനും, നിർദ്ദേശങ്ങൾ നല്കാനും കഴിയണം. രക്ഷാകർത്തൃ-അദ്ധ്യാപക സമിതികളാകണം നിയമപരമായ ഈ ഉപദേശക സമിതികളെ തിരഞ്ഞെടുക്കുന്നത്. ഈ സമിതികളിൽ വിദ്യാഭ്യാസ വിദഗ്ധന്മാരെയും ഉൾപ്പെടുത്തണം. ചരിത്രപരമായ കാരണങ്ങളാൽ കേരളത്തിലെ സ്കൂളുകളിൽ ബഹുഭൂരിപക്ഷവും മത, ജാതി സംഘടനകളുടെയും സ്വകാര്യ ഏജൻസികളുടെയുമാണ്. ഇപ്പോഴുള്ള മാനേജ്മെൻറ് സമ്പ്രദായത്തിൻെറ ജനാധിപത്യവല്ക്കരണം അതിനാൽ ഉടനെ ഉണ്ടാകണം. സർക്കാർ, സ്വകാര്യ സ്കൂളുകളുടെ മേൽനോട്ടവും വിഭവസമാഹരണ ചുമതലകളും ഗ്രാമപഞ്ചായത്തുകളെയും മറ്റു പഞ്ചായത്തീരാജ് സ്ഥാപനങ്ങളെയും ഏല്പിക്കണം. സ്കൂളുകളുടെ നടത്തിപ്പിൽ അക്കാദമികേതര താല്പര്യങ്ങളുടെ ഇടപെടൽ ഉണ്ടാകില്ലെന്ന് ഉറപ്പാക്കുകയും വേണം.

4.40 മൂന്നു വർഷത്തിലൊരിക്കൽ എല്ലാ സ്കൂളുകളും രക്ഷാകർത്തൃ-അദ്ധ്യാപക-അനദ്ധ്യാപക സംഘടന തിരഞ്ഞെടുക്കുന്ന ഒരു സമിതിയുടെ അക്കാദമികവും സാമൂഹികവുമായ വിലയിരുത്തലിനു വിധേയമാക്കണം. ഈ വിലയിരുത്തൽ പരസ്യപ്പെടുത്തണം. സമിതിയുടെ നിർ

ദ്ദേശങ്ങൾ വ്യാപകമായ ചർച്ചയ്ക്കു വിധേയമാക്കുകയും നടപ്പാക്കുകയും വേണം.

4.50 സ്കൂളുകളിൽ ഇന്നു നിലവിലുള്ള പഠന സമ്പ്രദായം മൗലികമായ അന്വേഷണത്തെ ഒരു വിധത്തിലും പ്രോത്സാഹിപ്പിക്കുന്നതല്ല. വിദ്യാർത്ഥികളിൽ നിരീക്ഷണ, പരീക്ഷണ, അപഗ്രഥന, നിഗമന സാമർത്ഥ്യം വളർത്തിയെടുക്കത്തക്ക വിധത്തിൽ പാഠ്യക്രമത്തിൽ കാതലായ മാറ്റം വരണം. പ്രകൃതിയിലേക്കിറങ്ങിച്ചെല്ലാൻ അവസരമുണ്ടാകണം. ചുറ്റുപാടുമുള്ള സമൂഹത്തെക്കുറിച്ചു മനസ്സിലാക്കാൻ സഹായകരമായ പാഠ്യേതര പരിപാടികളും, സേവന പ്രവർത്തനങ്ങളും വിദ്യാഭ്യാസ പ്രക്രിയയുടെ അവശ്യ ഭാഗമായിത്തീരണം. വിദ്യാർത്ഥികളുടെ ഈ മേഖലയിലുള്ള കഴിവുകളും പരിശോധിക്കപ്പെടത്തക്കവണ്ണം വിലയിരുത്തൽ പ്രക്രിയയിൽ മാറ്റം വരുത്തണം. സർഗ്ഗാത്മകതയുടെ പൊട്ടിപ്പുറപ്പെടൽ സ്കൂൾ വിദ്യാഭ്യാസകാലത്താണ് നടക്കേണ്ടത്. മൗലികതയ്ക്കും അർത്ഥവത്തായ ധൈഷണിക സാഹസികതയ്ക്കും പ്രോത്സാഹനം ലഭിക്കാനിടയാകണം.

4.60 കഴുത്തറപ്പൻ മാത്സര്യബുദ്ധി വളർത്തുന്ന സാമൂഹിക സാഹചര്യത്തിൽ സഹകരണത്തിൻേറയും പാരസ്പര്യത്തിൻേറയും സംസ്കാരം വളർത്തിയെടുക്കത്തക്ക പാഠ്യക്രമവും അനുബന്ധപരിപാടികളും ഉണ്ടാവുകയാണാവശ്യം. കലോത്സവങ്ങൾ മത്സരപ്രധാനമല്ലാതാക്കണം.

# 5. ഉന്നത വിദ്യാഭ്യാസം

5.00 ഉന്നത വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന പ്രസ്ഥാനമെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിലെ എ.കെ.പി.സി.റ്റി.എ.യുടെ നയങ്ങൾക്കും സമീപനങ്ങൾക്കും പ്രത്യേക പ്രാധാന്യമുണ്ട്.

5.10 ഉന്നത വിദ്യാഭ്യാസം കാലപരമായ ഒരു ഘട്ടം മാത്രമല്ല. അത് ഗുണപരംകൂടെയാണ്. ഇന്നുള്ള അറിവിൻെറ വിമർശനവും പുതിയ അറിവിൻെറ അന്വേഷണവും സൃഷ്ടിയും പ്രസക്തമായ അറിവിൻെറ വ്യാപനവും ഉൾക്കൊള്ളുന്ന ഒരു പ്രക്രിയ മാത്രമേ ഉന്നത വിദ്യാഭ്യാസം ആകൂ. ആ അർത്ഥത്തിൽ, 12 വർഷത്തിനുശേഷം നടക്കുന്ന വിദ്യാഭ്യാസമെല്ലാം 'ഉന്നത' വിദ്യാഭ്യാസം ആകില്ല, കോളജുകളിലോ സർവ്വകലാശാലകളിലോ നടക്കുന്നതാണെങ്കിൽ പോലും. 12 വർഷത്തിനു മുമ്പു തന്നെ ഉന്നത വിദ്യാഭ്യാസം ആകാമെന്നും വരുന്നു. അറിവ് ഒരു സാമൂഹിക നിർമ്മിതിയാണ്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസം അറിവിൻെറ അധീശത്വ അംശങ്ങൾ തിരിച്ചറിയുകയും വേണം. അറിവിനെ സ്വാതന്ത്ര്യത്തിൻേറയും സാമൂഹികവും പ്രകൃതിപരവുമായ പരിരക്ഷണത്തിൻേറയും മാനദണ്ഡങ്ങൾ ഉപയോഗിച്ചു വിമർശിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്ന ധർമ്മം അനുഷ്ഠിക്കാത്ത പ്രക്രിയ ഉന്നത വിദ്യാഭ്യാസമെന്ന സംജ്ഞയ്ക്ക് അർഹമല്ല. അതുകൊണ്ട് വിമർശനാത്മക അവബോധത്തിൻെറയും സർഗ്ഗസൃഷ്ടി പ്രോത്സാഹനത്തിൻെറയും വിജ്ഞാന വ്യാപന സാധ്യതകളുടേയും അളവുകോൽ ഉപയോഗിച്ചുവേണം കോളജുകളിലും സർവ്വകലാശാലകളിലും നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്താൻ.

5.20 രാജ്യത്തിൻെറ വികസനാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട മനുഷ്യവിഭവങ്ങൾ ഒരുക്കാനുള്ള പ്രത്യേക ബാദ്ധ്യത ഉന്നത വിദ്യാഭ്യാസത്തിന്നുണ്ട്. അതുകൊണ്ട് രാഷ്ട്രത്തിൻെറ മാനുഷികവിഭവാവശ്യങ്ങളുമായി ബന്ധിപ്പിച്ചുവേണം ഉന്നത വിദ്യാഭ്യാസത്തിൻെറ വളർച്ചയും പുനഃസംഘാടനവും കാണാൻ. മാനുഷികവിഭവങ്ങളുടെ ലഭ്യതയേയും ആവശ്യത്തേയും പറ്റിയുള്ള പഠനം വെളിവാക്കുന്നത് ഇന്നാവശ്യം, ഇന്നുള്ളതരം, വിദ്യാഭ്യാസം, കുറയ്ക്കുകയല്ല, മെച്ചവും വ്യത്യസ്തവുമായത് കൂടുതൽ നല്കുക എന്നത്രേ[5]

5.30 ഏതൊരു വിദ്യാഭ്യാസ പദ്ധതിക്കും 3 ഭാഗങ്ങൾ ഉണ്ടായിരിക്കണം. 1. അടിസ്ഥാന വിദ്യാഭ്യാസം, എല്ലാവർക്കും സൗജന്യമായി ലഭിക്കേണ്ട, മൗലിക അവകാശങ്ങളിൽപ്പെടുന്നതാണിത്. 2. വൊക്കേഷണൽ വിദ്യാഭ്യാസം. തൊഴിൽ ചെയ്തു ജീവിക്കാനുള്ള മനുഷ്യൻെറ മൗലികാവകാശത്തിന് അർത്ഥമുണ്ടാകണമെങ്കിൽ വിദ്യാഭ്യാസം തൊഴിലിനുകൂടെ വിദ്യാർത്ഥികളെ ഒരുക്കണം. പരിശീലന പ്രധാനമാണ് ഈ ഘട്ടം. 3. മുകളിൽ നിർവചിച്ച അവശ്യസ്വഭാവങ്ങൾ ഉള്ള ഉന്നത വിദ്യാഭ്യാസഘട്ടം. ഈ മൂന്ന് അംശങ്ങളും പരസ്പരം സന്തുലിതമായി ബന്ധപ്പെട്ടിരിക്കണം.

5.40 നമ്മുടെ സമൂഹം കൂടുതൽ, കൂടുതൽ വൈജ്ഞാനികാധിഷ്ഠിതമായിക്കൊണ്ടിരിക്കുന്നു. വിജ്ഞാനമാർജ്ജിക്കൽ, അതിനാൽ നിർണായക പ്രാധാനം കൈവരിച്ചുകൊണ്ടിരിക്കുന്നു. വിജ്ഞാനവും, വിദ്യാഭ്യാസവും തമ്മിലുള്ള പരസ്പര ബന്ധം മൂലം, വിദ്യാഭ്യാസത്തിനും, ഇതഃപര്യന്തമില്ലാത്ത, സവിശേഷ പ്രാധാനം ഉണ്ടാകുന്നു. ആ അർത്ഥത്തിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയെന്നാൽ അറിവിൻേറയും അതുമൂലം 'അധികാര'ത്തിൻേറയും ഏറ്റവും പ്രധാനപ്പെട്ട പ്രഭവ കേന്ദ്രത്തിൽ നിന്നും ആട്ടിയകറ്റപ്പെടുകയെന്നാണ് അർത്ഥം. അക്ഷരത്തിൻെറ നിഷേധം ഇന്ന്, മനുഷ്യനായി ജീവിക്കാനുള്ള അവകാശത്തിൻെറ നിഷേധമാണ്.

# 6. സർവ്വകലാശാലകൾ

6.00 സർവ്വകലാശാലകൾ സമൂഹ മനഃസാക്ഷിയാണെന്ന പ്രസ്താവം ആവർത്തിക്കാനാവാത്തവിധം സർവ്വകലാശാലകളുടെ വിശ്വസനീയത ഇന്ന് തകർന്നടിഞ്ഞിരിക്കുകയാണ്. ഉദാഹരണങ്ങൾ ഉദ്ധരിച്ച് ഇത് സ്മർത്ഥിക്കേണ്ടതുമില്ല. ഉന്നത വിദ്യാഭ്യാസ ലക്ഷ്യങ്ങളോടു നീതി പുലർത്തുന്ന ഒരു വിദ്യാഭ്യാസ പദ്ധതി വളർത്തിയെടുക്കുന്നതിലും അഴിമതി രഹിതവും കാര്യക്ഷമവുമായ ഭരണ നിർവഹണം നടത്തുന്നതിലുമെല്ലാം സർവകലാശാലകൾക്ക്, പ്രത്യേകിച്ച് കേരളത്തിലെ സർവ്വകലാശാലകൾക്ക്, ഉണ്ടായ പരാജയം അമ്പരപ്പിക്കുന്നതാണ്. ഈ അപചയത്തിന് ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടവരെല്ലാം, ഏറിയും കുറഞ്ഞും ഉത്തരവാദികളാണ്.

6.10 അക്കാദമിക് സെൻററുകൾ ആരംഭിച്ചു വേരുറച്ചതിനുശേഷം, അവ കേന്ദ്രമാക്കി സർവകലാശാലകൾ ആരംഭിക്കുകയാണ് വേണ്ടതെന്ന കൊത്താരി കമ്മീഷൻ നിർദ്ദേശം, സർവ്വകലാശാലകളുടെ ഏറ്റവും പ്രധാന ച്ചുമതല എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗവേഷണവും, അറിവിൻെറ വ്യത്യസ്തവും നൂതനവുമായ മേഖലകളിലെ പഠനവും നടക്കുന്നില്ലെങ്കിൽ 'സർവകലാശാല' എന്ന വാക്കിനുതന്നെ അർത്ഥമില്ലാതെയാകും. സർവകലാശാലകൾ തുടങ്ങുന്നതിന് ഇന്നവലംബിക്കുന്ന രീതി തന്നെ അവയുടെ അപചയത്തെ പ്രതീകവത്കരിക്കുന്നു. ആദ്യം അക്കാദമികേതരമായ പരിഗണനകളോടെയെടുക്കുന്ന ഒരു രാഷ്ട്രീയ തീരുമാനം. പിന്നെ സ്വേച്ഛാപരമായ അധികാരങ്ങളുള്ള ഉദ്യോഗസ്ഥന്മാരുടെ നിയമനങ്ങൾ. തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കെട്ടിടങ്ങൾ ഇങ്ങനെ പോകുന്നു മുൻഗണനാക്രമം! അക്കാദമിക കൗൺസിലും, പഠന-ഗവേഷണ വിഭാഗങ്ങളും ഏറ്റവും ഒടുവിൽ. ഉണ്ടായില്ലെന്നുതന്നെ വരാം!

6.20 സർവകലാശാലാരംഗത്തെ പരാജയങ്ങൾ, സംഗ്രഹിച്ചു പ്രസ്താവിച്ചാൽ, രണ്ടാണ്. ഒന്ന്, ദേശീയ വികസനാവശ്യങ്ങളും ജനങ്ങളുടെ ആശയാഭിലാഷങ്ങളും സഫലീകരിക്കുന്നതിന് പര്യാപ്തമായ ഗുണപരവും ഗണപരവുമായ വളർച്ച കൈവരിച്ചില്ല. രണ്ട്, ഭരണ, അക്കാദമിക രംഗങ്ങളുടെ വിവിധ തലങ്ങളിൽ ഉണ്ടായ കാര്യക്ഷമതാ രാഹിത്യവും കെടുകാര്യ

സ്ഥതയും അഴിമതിയും. അതിന് കേരള നിയമസഭയിൽ അവതരിപ്പിച്ച് സെലക്ട് കമ്മറ്റിക്കു വിട്ടിരിക്കുന്ന ഏകീകൃത സർവ്വകലാശാല നിയമം പോലെയുള്ള നിയമങ്ങൾ പ്രതിവിധിയല്ല. എന്നുമാത്രമല്ല, അവ അങ്ങേയറ്റം ആശങ്കാജനകവും അസ്വീകാര്യവുമാണ്. കാരണം, അത് അധികാര കേന്ദ്രീകരണം, ജനാധിപത്യതത്ത്വനിഷേധം, സാർവത്രിക സമാനത, കമ്പോള സ്വകാര്യ താല്പര്യ പ്രീണനം എന്നിവയിൽ അടിസ്ഥാനപ്പെടുത്തിയതാണ്.

6.30 ഉന്നത വിദ്യാഭ്യാസരംഗത്തെ ഭരണപരമായ പ്രശ്നങ്ങൾ അധികാരത്തിൻെറ കൂടുതൽ കടുത്ത പ്രയോഗത്തിലൂടെ പരിഹരിക്കാനാവുമെന്നത് ഒരു മിഥ്യയാണ്. അധികാരകേന്ദ്രീകരണം പ്രശ്നപരിഹാരകമല്ല. ഉദ്യോഗസ്ഥ വൃന്ദത്തിൻെറ അധികാരക്കുത്തക പ്രശ്നങ്ങൾ വഷളാക്കുകയേയുള്ളു.

6.31 ഇന്നത്തെ ജനാധിപത്യവ്യവസ്ഥകൾ, തീർച്ചയായും, അന്യൂനമല്ല. അവയ്ക്കു പലതരം അപാകതകൾ ഉണ്ട്. പക്ഷേ, ജനാധിപത്യ പ്രക്രിയയിൽ നിന്നുമുയരുന്ന പ്രശ്നങ്ങൾ, ജനാധിപത്യത്തെ പരിമിതപ്പെടുത്തിയല്ല പരിഹരിക്കേണ്ടത്. ജനാധിപത്യത്തെ കൂടുതൽ കൂടുതൽ വിപുലപ്പെടുത്തിയും അർത്ഥപൂർണ്ണമാക്കിയുമാണ്.

6.32 വിദ്യാഭ്യാസരംഗത്തെ അവലംബനീയമായ ഏകഭരണക്രമമെന്നത്, ഓരോ തലത്തിലെയും വിദ്യാഭ്യാസ പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാവരുടെയും-വിദ്യാർത്ഥികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ, രക്ഷാകർത്താക്കൾ, മാനേജ്മെൻറ്, പൊതുസമൂഹം, ഗവൺമെൻറ് തുടങ്ങിയവരുടെ പ്രതിനിധികളടങ്ങിയ സമിതികളുടെ ജനാധിപത്യഭരണക്രമം മാത്രമാണ്. അങ്ങനെവരുമ്പോൾ ഒരു തലത്തിൽ സ്വകാര്യ ഏജൻസികളുടെയും മറ്റൊരുതലത്തിൽ കോളജ് വിദ്യാഭ്യാസ ഡയറക്ടറുടെയും ഭരണാധിപത്യത്തിൽ നിന്നും വിദ്യാഭ്യാസ ഘടനയെ മോചിപ്പിക്കേണ്ടതുണ്ട്. മാനേജ്മെൻറും സൂപ്പർ മാനേജ്മെൻറും കൊണ്ടും പരിഹരിക്കേണ്ടതരം പ്രശ്നങ്ങളല്ല വിദ്യാഭ്യാസരംഗത്തിൻേറത്. ഈ തിരിച്ചറിവ് നിർണ്ണായകമാണ്.

6.40 ഉന്നത വിദ്യാഭ്യാസരംഗത്ത് സാർവ്വത്രികമായ സമാനത വരുത്താനുള്ള ശ്രമം ഉന്നത വിദ്യാഭ്യാസ ലക്ഷ്യങ്ങളുടെ ധാരണാരാഹിത്യത്തിൽ നിന്നും ഉയരുന്നതാണ്. ഒരേതരം അംഗത്വവും അധികാരവും ഉള്ള സമിതികൾ ഒരേതരം പ്രവർത്തനങ്ങളും പ്രതികരണവുമാണ് കാഴ്ചവയ്ക്കുക. സ്കൂൾ വിദ്യാഭ്യാസത്തിൽ നിന്നും ഉന്നത വിദ്യാഭ്യാസത്തെ വേർതിരിക്കുന്ന സവിശേഷതയാണ് ഇതുമൂലം നഷ്ടപ്പെടുന്നത്. വ്യത്യസ്ത വൈജ്ഞാനിക പ്രശ്നങ്ങളോടും പ്രാദേശിക സാംസ്കാരിക സവിശേഷതകളോടും വികസനാവശ്യങ്ങളോടും പ്രതിപ്രവർത്തിച്ച് ഓരോ

സാഹചര്യത്തിലും പ്രസക്തമായ വിദ്യാഭ്യാസ പദ്ധതിക്കു രൂപം നല്കുകയെന്ന, സർവ്വകലാശാലകളുടെ അടിസ്ഥാന ധർമ്മം ഏകീകരണ ശ്രമത്തിന്നിടയിൽ സാധിതമാകാതെ വരും. ഉന്നത വിദ്യാഭ്യാസത്തിന് ആവശ്യം ഏകീകരണമല്ല; സമാനത സൃഷ്ടിക്കലുമല്ല. വൈവിധ്യവത്കരണമാണ്. വൈജ്ഞാനിക മേഖലയിൽ ഗവേഷണത്തിന്റേയും പഠനത്തിന്റേയും വിഷയ സ്വീകരണത്തിലും 'മെത്തഡോളജി'യിലുമെല്ലാം വ്യത്യസ്തതകൾ പ്രോത്സാഹിപ്പിക്കപ്പെടണം. ഇതിന് ഘടനകളുടേയും പ്രവർത്തനരീതികളുടേയും 'വഴക്ക'വും വൈവിധ്യവത്കരണവും ഉണ്ടാവുകയാണാവശ്യം.

6.41 സർവ്വകലാശാലകൾ തമ്മിൽ അവശ്യം വേണ്ട ഏകോപനത്തിനും ധാരണയ്ക്കും സർവ്വകലാശാല പ്രതിനിധികളടങ്ങിയ സ്റ്റാറ്റ്യൂട്ടറി സമിതി ധാരാളം മതിയാകും.

6.50 സർവകലാശാലകളുടെ പ്രധാന ധനാഗമം സർക്കാരിൽ നിന്നാണ്. അതുകൊണ്ട് അക്കൗണ്ടബിലിറ്റിയുടെ പേരിൽ സർക്കാരിന് സർവ്വകലാശാലകളുടെ ധനവിനിയോഗത്തിന്മേലും അതിന്റെ ഫലമായി മറ്റു പ്രവർത്തനങ്ങളുടെമേലും കർശനമായ നിയന്ത്രണാധികാരം വേണമെന്ന സമീപനം സർവകലാശാലകളുടെ സ്വയംഭരണത്തെ തകർക്കുന്നതും സർവകലാശാലകളെ സർക്കാർ വകുപ്പായി തരം താഴ്ത്തുന്നതുമാണ്.

6.60 സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം സംരക്ഷിക്കപ്പെടണം. ഇതിനു വ്യക്തമായ ഒരുദ്ദേശ്യമുണ്ട്. വിവിധ വിഭാഗീയ താല്പര്യങ്ങളുടെ സമ്മർദ്ദങ്ങൾക്കും മുൻഗണനാക്രമങ്ങൾക്കും അടിമപ്പെടാതെ, സമൂഹത്തിന്റെ വിശാലതാല്പര്യങ്ങളോടും പ്രശ്നങ്ങളോടും സ്വതന്ത്രമായി പ്രതികരിക്കുവാനും രാജ്യത്തിന്റെ പൊതുവികസന ലക്ഷ്യങ്ങളോടു പൊരുത്തപ്പെടുന്ന വിധത്തിൽ വൈജ്ഞാനിക സംഭാവനകൾ നല്കുവാനും മാനുഷിക വിഭവങ്ങൾ രൂപപ്പെടുത്തുവാനുമുള്ള പ്രാപ്തി സമാർജ്ജിക്കുകയാണ് ആ ഉദ്ദേശ്യം.

6.70 സ്വയംഭരണാവകാശമെന്നാൽ നിയന്ത്രണങ്ങളില്ലാത്ത അവകാശമെന്നല്ല അർത്ഥം. നിയന്ത്രണം ചെലുത്തുന്നത് സർക്കാരോ ബാഹ്യഏജൻസികളോ ആകരുതെന്നു മാത്രം. 'അക്കൗണ്ടബിലിറ്റി'യെന്നാൽ ഇന്ന് കണക്കെഴുത്തിന്റെ കൃത്യത ഉറപ്പാക്കുകയെന്നാണ് ധാരണ. സാമൂഹികവും അക്കാദമികവുമായ ധർമ്മനിർവഹണത്തിന്റെ സമർത്ഥത ഉറപ്പുവരുത്തുന്ന പ്രക്രിയയായി അത് ഉയരണം. അതിനു മുഴുവൻ സമയ ബ്യൂറോക്രാറ്റുകളുടെ പരിശോധനയിൽ ഒതുങ്ങുന്ന ഒരു ക്രമീകരണമല്ല ആവശ്യം. മറിച്ച്, പ്രാതിനിധ്യസ്വഭാവമുള്ള സമിതികളുടെ പരസ്പര നിയന്ത്രണത്തിന്റെ ഒരു രീതി വികസിപ്പിച്ചെടുക്കുകയാണ് വേണ്ടത്. അതി

ലൂടെയേ സർവ്വകലാശാല പ്രവർത്തനങ്ങളുടെ സമ്പൂർണ്ണമായ സുതാര്യതയും ജനസമൂഹത്തിൻെറ മുമ്പിലുള്ള ബോദ്ധ്യപ്പെടുത്തലും ഉണ്ടാകൂ.

6.71 മൂന്നു വർഷത്തിലൊരിക്കൽ സെനറ്റ് ഒരു കമ്മിഷനെ നിയമിക്കണം. സെനറ്റിനു പുറത്തുള്ള വിദ്യാഭ്യാസ വിദഗ്ധന്മാരും അതിൽ അംഗങ്ങളാകണം. കമ്മീഷൻ, സർവ്വകലാശാല, പ്രവർത്തനത്തെ സമഗ്രമായി വിലയിരുത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും വേണ്. ഈ റിപ്പോർട്ട് സെനറ്റിൽ ചർച്ച ചെയ്യണം. ശുപാർശകൾ സെനറ്റിന് അവഗണിക്കാനാവാതെ വരികയും വേണം.

6.80 ഒരു സർവ്വകലാശാലയുടെ പ്രാഥമിക ധർമ്മം അക്കാദമികമാണെന്ന തിരിച്ചറിവിൽ, സർവ്വകലാശാലാ സമിതികളെയാകെ ഉടച്ചുവാർക്കണം. ഘടനാമാറ്റത്തിൽ അധികാര വികേന്ദ്രീകരണവും, സമൂഹോന്മുഖതയും, പാരസ്പര്യവും ഉറപ്പാക്കണം. അക്കാദമിക സമിതികൾക്ക് പ്രാമുഖ്യം നല്കണം. സെനറ്റിന് ഭരണക്രമത്തിൽ കുറെക്കൂടെ ഉത്തരവാദിത്തം ലഭിക്കണം. സെനറ്റിന് സബ്ജക്ട് കമ്മറ്റികൾ ഉണ്ടാകണം. സിൻഡിക്കെറ്റിൻേറയും മുഖ്യ ഉദ്യോഗസ്ഥന്മാരുടേയും അധികാരങ്ങളിൽ പുനർവിഭജനം ഉണ്ടാകണം. അക്കാദമിക സമിതികളുടെ ഘടന പുനഃപരിശോധിച്ച് അക്കാദമിക പ്രവർത്തനത്തെ നവീകരിക്കുന്നതിന് പര്യാപ്തമാക്കണം.

6.90 വൻകിട വ്യവസായങ്ങളെ കേന്ദ്രീകരിച്ച ഒരു വികസന സങ്കല്പത്തോട് ഇണങ്ങുന്ന വിധത്തിൽ സർവ്വകലാശാലകൾ വ്യവസായങ്ങളുമായി ബന്ധം സ്ഥാപിക്കണമെന്നും വ്യവസായങ്ങളുടേയും സ്വകാര്യ ഏജൻസികളുടേയും പ്രോജക്ടുകൾ ഏറ്റെടുത്തും മറ്റും ധനസമാഹരണം നടത്തണമെന്നുള്ള നിർദ്ദേശങ്ങൾ ശക്തിപ്പെട്ടു വരികയാണ്. സർവ്വകലാശാലകൾ ഇന്നനുഭവിക്കുന്ന സാമ്പത്തിക ഞെരുക്കം ഈ നിർദ്ദേശത്തിനു പശ്ചാത്തലമൊരുക്കുന്നു. സർവ്വകലാശാലയെ വൻകിടവ്യവസായ സ്ഥാപനങ്ങളുടെ വെറും അനുബന്ധ സ്ഥാപനമായി മാറ്റാത്തതും സർവ്വകലാശാലയുടെ ഗവേഷണ, പഠനസംബന്ധമായ മുൻഗണനാക്രമത്തെ തകിടംമറിക്കാത്തതുമായ ബന്ധമാണ് ഉണ്ടാകേണ്ടത്. എന്നാൽ സർവ്വകലാശാലകളുടെ സാമ്പത്തിക ബാധ്യത നിറവേറ്റുന്നതിൽ സർക്കാരിനുള്ള പ്രാഥമിക ചുമതലയിൽ നിന്നും സർക്കാർ പുറകോട്ടു പോകാൻ ഇതിടയാക്കരുത്.

6.91 നിർബന്ധമായും, ചെറുകിട, കുടിൽ വ്യവസായങ്ങളും പരമ്പരാഗത ഉത്പാദനസംരംഭങ്ങളും, സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങളുമെല്ലാം സർവ്വകലാശാലകളുടെ വൈജ്ഞാനിക അന്വേഷണത്തിൻേറയും പ്രവർത്തനങ്ങളുടേയും പരിധിയിൽ വരണം.

6.92 അഫിലിയേറ്റിംഗ് സർവ്വകലാശാലകളിലെ അദ്ധ്യയന വിഭാഗങ്ങളും കോളജുകളും തമ്മിൽ നേരിട്ടൊരു ബന്ധവുമില്ലാത്ത അവസ്ഥയാണ് ഇന്ന്. ഓരോ വിഷയത്തിൻെറ സർവ്വകലാശാലാ വിഭാഗവും അഫിലിയേറ്റഡ് കോളജുകളിലെ പോസ്റ്റ് ഗ്രാഡ്വേറ്റ് വിഭാഗങ്ങളും ചേർന്ന് ഒരു 'ഗുരുത്വ കേന്ദ്രം' ആകുകയും സർവ്വകലാശാലയുടെ കീഴിലെ ആ വിഷയത്തിലെ പഠനത്തെയാകെ ഗുണപരമായി ഉയർത്തുവാനുള്ള ചുമതല ഏറ്റെടുക്കുകയും വേണം.

6.93 കോളജുകൾ ഒറ്റപ്പെട്ട തുരുത്തുകളല്ല; കോളജുകൾ തമ്മിൽ, പരസ്പരധാരണയോടുകൂടെ, അദ്ധ്യാപകരുടേയും പുസ്തകങ്ങളുടേയും കൈമാറ്റം നടക്കണം. പൊതുപഠന സൗകര്യങ്ങളും സെൻട്രൽ ലബോറട്ടറികളും ക്രമീകരിക്കണം. വിവിധ കോളജുകളിലേയും സർവ്വകലാശാലകളിലേയും വിദ്യാർത്ഥികളുടെ പൊതു സെമിനാറുകളും പ്രബന്ധാവതരണങ്ങളും ഉണ്ടാകണം. നിരന്തരമായ അക്കാദമിക സംവാദത്തിൻെറ സജീവതയേ ഉന്നത വിദ്യാഭ്യാസരംഗത്തെ ജഡത്വത്തിന്നറുതി വരുത്തൂ.

# 7. കോളജ്ജുകൾ

7.00 കേരളത്തിലിന്ന് ഏഴു സർവ്വകലാശാലകളും മുന്നൂറോളം കോളജ്ജുകളും ഉണ്ട്. വിദ്യാർത്ഥികളുടേയും സ്ഥാപനങ്ങളുടേയും എണ്ണം മാനദണ്ഡമാക്കിയാൽ കോളജ്ജുകൾ തന്നെയാണ് അഫിലിയേറ്റിംഗ് സർവ്വകലാശാലകളുടെ പ്രധാന പ്രവർത്തനമേഖല.

7.10 ഒരു ശരാശരി കോളജിൽ, ഇന്നുള്ള പഠനരാഹിത്യത്തിൻെറ അവസ്ഥ കോളജ്ജുകൾ അനുവദിക്കപ്പെടുന്ന കാലഘട്ടം തൊട്ടുതന്നേ ആരംഭിക്കുന്നു. ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന് ഒഴിവാക്കാനാവാത്ത അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കഴിവ് അല്ല കോളജ്ജുകൾ അനുവദിക്കുന്നതിന് ഇന്ന് മാനദണ്ഡം. സാമുദായിക സങ്കുചിത കമ്പോള താല്പര്യങ്ങൾക്ക് കോളജ്ജുകൾ അനുവദിക്കുന്നു. ഈ ഏജൻസികൾക്കാകട്ടെ, പലപ്പോഴും, ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു ദർശനമോ, സമൂഹോന്മുഖമായ വിദ്യാഭ്യാസം നല്കാനുള്ള പ്രതിജ്ഞാബദ്ധതയോ ഇല്ല. ഓരോ വർഷവും കൂടുതലായി നടത്തേണ്ട മുതൽ മുടക്കിൻെറ ചുമതല അവർ ഏറ്റെടുക്കാറില്ല. ആ ചുമതലയേറ്റെടുക്കണമെന്നത് 'അഫിലിയേഷന്' ഒരു നിബന്ധനയായി വയ്ക്കാറുമില്ല. സ്വാഭാവികമായും, കോളജ്ജുകൾ അസൗകര്യങ്ങളുടെ അരങ്ങുകളായും പഠനരാഹിത്യത്തിൻെറ വിളനിലങ്ങളായും തീരുന്നു. ഇത് ഓരോ വിദ്യാർത്ഥിയുടെയും ഭാവിയെ ബാധിക്കുന്നുവെന്നത് മാത്രമല്ല പ്രശ്നം. മാനുഷികവിഭവസംബന്ധമായും, ധൈഷണികമായും മൂല്യപരമായും നാടിനുണ്ടാകുന്ന നഷ്ടം വമ്പിച്ചതാണ്. കലാലയങ്ങളിൽ വിദ്യാഭ്യാസം നടക്കണമെങ്കിൽ അവ അനുവദിക്കുന്ന രീതിക്കു മാറ്റം വരണം. സാമുദായിക, സങ്കുചിത താല്പര്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസരംഗം വീതം വയ്ക്കുന്ന ഇന്നത്തെ രീതി ഉപേക്ഷിച്ച് വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ അർഹതയും വൈദഗ്ധ്യവും ഉള്ള തദ്ദേശീയ സ്ഥാപനങ്ങൾക്കും പൊതുസമിതികൾക്കും സഹകരണ സംരംഭങ്ങൾക്കും മാത്രം കലാലയങ്ങൾ അനുവദിക്കുക. കോളജ്ജുകൾക്ക് തുടർച്ചയായ 'അക്രെഡിറ്റേഷൻ' വ്യവസ്ഥ കൊണ്ടുവരികയും വേണം.

7.20 കോളജ്ജുകളുടെ ഭരണവ്യവസ്ഥ ജനാധിപത്യവത്കരിക്കപ്പെടണം. അദ്ധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, എഡ്യൂക്കേഷണൽ ഏജൻസി/മാനേജ്മെൻറ് ഇവരുടെ പ്രതിനിധികളടങ്ങിയതാ

കണം. കോളജിൻെറ ഗവേണിംഗ് കൗൺസിൽ. ഈ സമിതി കോളജിൻെറ പ്രതിവർഷ അക്കാദമിക വിലയിരുത്തൽ നടത്തണം. വിദ്യാഭ്യാസ വിദഗ്ധരും സമൂഹത്തിൻെറ പ്രതിനിധികളുമടങ്ങിയ ഒരു സമിതി ഒരു കോളജിൻെറ സമസ്ത മേഖലകളെയും മൂന്നു വർഷത്തിലൊരിക്കൽ പഠനവിധേയമാക്കണം. സമിതിയുടെ പഠനറിപ്പോർട്ട് പ്രസിദ്ധീകരിക്കണം. കോളജിൻെറ ധനാഗമ, വിനിയോഗ കാര്യങ്ങളിൽ സുതാര്യതയും 'സോഷ്യൽ ഓഡിറ്റിംഗും' ഉണ്ടാകണം. സാമൂഹിക നിയന്ത്രണത്തിൻെറ പ്രധാന ഉപകരണം അദ്ധ്യാപക, അനദ്ധ്യാപക, രക്ഷാകർത്തൃസമിതി തിരഞ്ഞെടുക്കുന്ന എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികളടങ്ങിയ സമിതിയായിരിക്കണം.

7.30 ഒരു സ്വകാര്യ കോളജ് സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനും ആകെ വേണ്ടിവരുന്ന തുകയുടെ നിസ്സാരമായ ഒരു ഭാഗമേ ഉടമസ്ഥതയും നിയന്ത്രണ അവകാശങ്ങളുമുള്ള സ്വകാര്യ ഏജൻസി വഹിക്കുന്നുള്ളു. ശമ്പളത്തിനും പാഠ്യ പാഠ്യേതര സൗകര്യങ്ങൾ സൃഷ്ടിക്കാനും പൊതു ഖജനാവിലും പൊതുജനങ്ങളിലും നിന്നുമാണ് ഏറെക്കുറെ മുഴുവൻ തുകയും ചെലവഴിക്കുന്നത്. സമൂഹത്തിൻെറ ചെലവിൽ നടത്തപ്പെടുന്ന ഒരു സ്ഥാപനം സാമൂഹിക ഉത്തരവാദിത്തങ്ങൾ വഹിക്കാൻ ബാദ്ധ്യസ്ഥമാണ്. സാമൂഹിക നിയന്ത്രണത്തിൻെറ യുക്തി ഈ വസ്തുതയിൽ കൂടെ അധിഷ്ഠിതമാണ്.

7.40 പ്രവേശനവും നിയമനവുമായി ബന്ധപ്പെട്ട് 'കോഴ' വാങ്ങുന്ന രീതി പൂർണ്ണമായി തടയണം. ഇക്കാര്യത്തിൽ സർക്കാരും സർവ്വകലാശാലകളും അവലംബിക്കുന്ന 'ഒട്ടകപ്പക്ഷി' നയം അവസാനിപ്പിച്ചേ മതിയാകൂ. അർഹരായവരുടെ നീതി നിഷേധിക്കുന്ന ഗുരുതര പ്രശ്നമാണിത്. കലാലയങ്ങളിലെ അക്കാദമിക നിലവാരം തകർക്കുന്ന ഒരു പ്രധാന ഘടകമാണിത്. അതിനോടൊപ്പം, വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ വർദ്ധിച്ചുവരുന്ന പണത്തിൻെറ ആധിപത്യവും അഴിമതിയും വിദ്യാർത്ഥികളേയും സമൂഹത്തേയും മൂല്യപരമായി അധഃപതിപ്പിക്കും. കാര്യസാധ്യാർത്ഥം പണമൊഴുക്കുന്നത് നീതീകരിക്കുന്ന പ്രവണത കരുത്താർജ്ജിക്കാനിടയാകും. നിയമനവും പ്രവേശനവും നീതിപൂർവ്വകമായ പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം നടത്തപ്പെടണം. ആരോഗ്യകരമായ അക്കാദമിക അന്തരീക്ഷത്തിന് ഇത് മുൻഉപാധിയാണ്.

7.50 ഇന്നത്തെ വിദ്യാഭ്യാസരീതി 'കോളജ് തല' പഠനത്തിന് ഒരു വിദ്യാർത്ഥിയെ ഒരു വിധത്തിലും നിർബന്ധിക്കുന്നില്ല. 'കോളജ്തല പഠന' മെന്നതിന് വിവക്ഷ, ക്ലാസ്സുമുറികളിലെ വിദ്യാർത്ഥികളുടെ ശ്രദ്ധാപൂർവ്വമായ സാന്നിധ്യം, അവിടെയുള്ള വിമർശനാത്മകവും സൃഷ്ടിപരവുമായ സംവാദം, ലൈബ്രറികളുടെയും ലബോറട്ടറികളുടെയും പരമാവധി

ഉപയോഗം, ശില്പശാലകൾ, സെമിനാറുകൾ, ലക്ചറന്മാരും പ്രൊഫസറന്മാരുമായി പാഠ്യ, പാഠ്യേതര വിഷയങ്ങളധികരിച്ചുള്ള വിദ്യാർത്ഥികളുടെ ചർച്ചകൾ, മൗലികമായ ചിന്തയുടെയും പ്രവർത്തനത്തിൻെറയും ആദ്യസ്ഫുരണങ്ങൾ എന്നൊക്കെയാണ്. ഇന്ന്, ഇതിൻെറയെല്ലാം അഭാവം കൊണ്ട് നമ്മുടെ കലാലയങ്ങൾ ദരിദ്രമാണ്. ഒരിക്കൽപ്പോലും ക്ലാസ്സിൽ കയറാതെ പരീക്ഷയ്ക്കിരിക്കുക, ടെക്സ്റ്റ് ബുക്കുകൾ കാണുകപോലും ചെയ്യാതെ ഉന്നത മാർക്ക് നേടുക, കലാലയത്തിൻെറ അക്കാദമികമായ ഒരു സഹായവും കൂടാതെ ഫസ്റ്റു ക്ലാസ് മേടിക്കുക, മൗലികതയുടെ ഒരംശം പോലും വെളിവാക്കാതെ റാങ്ക് കരസ്ഥമാക്കുക. ഇതൊക്കെ ഇവിടെ സംഭവ്യമാണ്. ഇതിന്നൊരവസാനം ഉണ്ടാകണം.

7.51 കോളജിൽ യഥാർത്ഥമായി നടക്കേണ്ട പഠനത്തിൻെറ അഭാവം വിദ്യാർത്ഥികളുടെ മാത്രമല്ല, ഈ നാടിൻെറ തന്നെ പ്രതിസന്ധിയായി കാണണം.

7.60 കോളജുകൾ പ്രാദേശിക സമൂഹത്തിൻെറ മാർഗ്ഗദീപമായി മാറണം. സമീപപ്രദേശത്തിൻെറ വികസനപരവും, പാരിസ്ഥിതികവുമായ ആവശ്യങ്ങളുമായും സാമൂഹിക പ്രശ്നങ്ങളുമായി ബന്ധപ്പെടുകയെന്നത് ഒരു കോളജിൻെറ സ്വാഭാവികതയായി തീരണം. ഓരോ കോളജിനും ഒരു 'സോഷ്യൽ പ്രോജക്ട്' ഉണ്ടാകണം. അദ്ധ്യാപക-അനദ്ധ്യാപകരും, വിദ്യാർത്ഥികളും ധൈഷണികമായും കായികമായും ആ പദ്ധതിയിൽ പങ്കു ചേരുകയും വേണം.

# 8. പ്രി ഡിഗ്രി പുനഃസംഘടനം

8.00 കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിനു സമഗ്രമായ ഹയർ സെക്കണ്ടറി തലം ആവിഷ്ക്കരിക്കുകയാണ് അടിയന്തിരമായി വേണ്ടത്. അതിനുള്ള കരിക്കുലം -സിലബസ്സ് നിർമ്മാണം ഉടനെ നടത്തണം. സ്കൂൾ വിദ്യാഭ്യാസത്തിൻെറ മൗലിക സവിശേഷതകളോടു കൂടിയ ഈ കോഴ്സ് സ്കൂൾ വിദ്യാഭ്യാസത്തിൻെറ ഭാഗമായി സ്കൂളുകളിൽ നടത്തണം.

8.01 ഒരു അഖിലേന്ത്യാപദ്ധതിയുടെ വിവേചനാരഹിതമായ നടപ്പാക്കൽ അല്ല ഇവിടെയാവശ്യം. കേരളത്തിൻെറ സവിശേഷ സാഹചര്യങ്ങളേയും ആവശ്യങ്ങളേയും കണക്കിലെടുത്തുകൊണ്ടും സി.ബി.എസ്.ഈ., ഐ., സി.എസ്.ഈ. മുതലായ പദ്ധതികളുടെ വെളിച്ചത്തിലും ഒരു പുതിയ ഹയർ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതി വികസിപ്പിച്ചെടുക്കുകയാണ് വേണ്ടത്. അതനുസരിച്ച് ടേർമിനൽ സ്വഭാവമുള്ള ഹയർ-സെക്കണ്ടറി കോഴ്സുകൾ സ്കൂളുകളിൽ ആരംഭിക്കുക.

8.10 എസ്.എസ്.എൽ.സി.ക്കുശേഷം കോളജുകളിലും പാരലൽ കോളജുകളിലും, പ്രൈവറ്റായും പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും ഉൾക്കൊള്ളത്തക്കവണ്ണം വിപുലമായിരിക്കണം ഇത്.

8.20 'പ്രി-ഡിഗ്രി കോഴ്സ് അവശ്യം, ഒരു സർവ്വകലാശാല കോഴ്സ് ആണ്. അതിൻെറ ഘടന, സ്വഭാവം, അദ്ധ്യാപന രീതി, ക്ലാസ്സുകളുടെ വലുപ്പം ഇതൊക്കെ സ്കൂൾ സമ്പ്രദായത്തിൽ നിന്നും തികച്ചും വിഭിന്നമാണ്. പേര് മാറ്റിയതുകൊണ്ടുമാത്രം അത് സ്കൂൾ സമ്പ്രദായത്തിലുള്ള ഒരു കോഴ്സ് ആയി മാറുകയില്ല. സർവ്വകലാശാലകളുടെ കീഴിൽ നടത്താനായി ക്രമപ്പെടുത്തിയ 'പ്രി-ഡിഗ്രി കോഴ്സ് വിഘടിപ്പിച്ച് അതേപടി സ്കൂൾതലത്തിലാക്കാമെന്ന നിർദ്ദേശത്തിലടങ്ങിയിരിക്കുന്ന യുക്തിരാഹിത്യം നമ്മുടെ വിദ്യാഭ്യാസ പണ്ഡിതന്മാർക്കു മനസ്സിലാകുന്നില്ലെന്നതാണ് ഇന്നത്തെ ദുരന്തം. സർവ്വകലാശാല കോഴ്സ് ആയ 'പ്രി-ഡിഗ്രി കോഴ്സ്' സർവ്വകലാശാലകളിൽത്തന്നെ നടത്തപ്പെടണം. അത് മുറിച്ചുമാറ്റി, ഘടനാവ്യത്യാസം വരുത്താതെ സ്കൂൾ വ്യവസ്ഥയോടു ചേർക്കുകയല്ല വേണ്ടത്. ഇതിൻെറ വിവക്ഷ, എക്കാലവും പ്രിഡിഗ്രി കോഴ്സ് ഉണ്ടായിരിക്കണമെന്നല്ല. മറിച്ച്, ഇന്നത്തെ രീതിയിലുള്ള 'പ്രി-ഡിഗ്രി'

കോഴ്സ് അവസാനിക്കുക തന്നെ വേണം. സ്കൂളുകളിൽ ഹയർ സെക്കണ്ടറി തലം വികസിച്ചു വരുന്ന മുറയ്ക്ക്, കോളജുകളിൽ പ്രി-ഡിഗ്രി ഇല്ലാതാക്കാൻ ദീർഘകാല പദ്ധതി നടപ്പാക്കണം. എ.ഡി. 2000-ത്തോടെ കോളജുകളിൽ നിന്നും പ്രി-ഡിഗ്രി കോഴ്സ് അപ്രത്യക്ഷമാകാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുകയും വേണം. അടുത്ത ആറ്, ഏഴു വർഷത്തിനുള്ളിൽ അഫിലിയേറ്റഡ് കോളജുകളിൽ ഇന്നു ജോലിചെയ്യുന്ന അദ്ധ്യാപകരിൽ ഏകദേശം 35-40 ശതമാനം പേർ റിട്ടയർ ചെയ്യുന്ന കേരളത്തിലെ പ്രത്യേക സാഹചര്യം ഇതിന്നായി പ്രയോജനപ്പെടുത്തണം.

8.21 അപ്രത്യക്ഷമാകേണ്ട കോഴ്സ് ആണെങ്കിലും കാലികമായ സിലബസ് പരിഷ്കാരം ആകാം. അത് ബന്ധപ്പെട്ട സമിതികൾ, നിയമങ്ങൾക്കു വിധേയമായി നടപ്പാക്കണം.

8.22 അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ കോളജുകളിൽ നിന്നും ഈ കോഴ്സുകൾ അപ്രത്യക്ഷമാകണം. അതുവരെ, പ്രി-ഡിഗ്രി ഒന്നും രണ്ടും വർഷ പരീക്ഷകൾ സർവ്വകലാശാലകൾ തന്നെ നടത്തണം. ഇംപ്രൂവ്മെൻറ് പരീക്ഷകൾ കോഴ്സ് കഴിഞ്ഞവർക്കുവേണ്ടി മാത്രം നടത്തുന്നതിനെക്കുറിച്ച്, ആവശ്യമെങ്കിൽ, ആലോചിക്കാം.

8.30 പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്താനുള്ള നീക്കങ്ങൾ ഇന്നത്തെ പൊതുവിദ്യാഭ്യാസ താല്പര്യങ്ങൾക്കു വിരുദ്ധമാണ്. പ്രിഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കിയതിലൂടെ വ്യക്തമാക്കിയ കാര്യം, അത് എല്ലാവർക്കും അവകാശപ്പെട്ട പൊതു വിദ്യാഭ്യാസമാണെന്നത്രേ. ഓപ്പൺ യൂണിവേഴ്സിറ്റി മുതലായ അനൗപചാരിക വിദ്യാഭ്യാസ സംവിധാനങ്ങൾ പൊതുവിദ്യാഭ്യാസത്തിനു പകരം വയ്ക്കുന്ന നടപടികൾ ഉപേക്ഷിക്കണം.

# 9. അക്കാദമിക പുനഃസംവിധാനം

9.00 കോളജുകളിലെ ബിരുദബിരുദാനന്തര പഠന നിലവാരം, പൊതുവെ, തൃപ്തികരമല്ല. അദ്ധ്യയന പദ്ധതികളും, ക്രമങ്ങളും തീരുമാനിക്കുന്ന പരമ്പരാഗത രീതി ഓരോ വൈജ്ഞാനിക മേഖലയിലെയും അഭൂതപൂർവ്വമായ വളർച്ച ഉടനടി ഉൾക്കൊള്ളാൻ തീരെ സഹായകരമല്ല. ഫലമോ, പല കോഴ്സുകളുടെയും ഉള്ളടക്കത്തിലും സമീപനത്തിലും, ദശാബ്ദങ്ങൾ പിൻപിലാണ് കേരളത്തിലെ കോളജ് വിദ്യാഭ്യാസം. മറ്റൊരു പ്രധാന പ്രശ്നവുമുണ്ട്. കോളജ് വിദ്യാഭ്യാസം, ഇന്നത്തെ നിലയിൽ, ഉല്പാദന സേവന മേഖലകളിൽ പ്രയോജനകരമായ അദ്ധ്വാന വിനിയോഗത്തിന് വിദ്യാർത്ഥികളെ സജ്ജരാക്കുന്നില്ലെന്നതാണത്. ഈ രണ്ടു പ്രശ്നങ്ങളുടെയും സമർത്ഥമായ പരിഹാരത്തിന് പര്യാപ്തമായ വിധത്തിൽ അദ്ധ്യയനപദ്ധതികളുടെയും പഠനക്രമങ്ങളുടെയും സമഗ്രമായ പുനഃസംവിധാനം ഉടനെ ഉണ്ടാകണം.

9.10 കോഴ്സിൻേറയും കരിക്കുലത്തിൻേറയും പുനഃസംവിധാനത്തിൻെറ നിയാമകതത്ത്വങ്ങൾ ഇവയാകണം (1) ഓരോ വിഷയത്തിലും വിജ്ഞാന വിസ്ഫോടനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഓരോന്നിലും ഉപവിഷയങ്ങളും വളർന്നു വരുകയാണ്. ഇവ ഉൾക്കൊള്ളത്തക്കവണ്ണം ഓരോ വിഷയത്തോടുമുള്ള സമീപനം കാലികമായി മാറണം. (2) പുതിയ, പുതിയ വിഷയങ്ങളിലുള്ള കോഴ്സുകൾ ആരംഭിക്കുകയെന്നത് ഒരു സ്വാഭാവിക രീതിയാകണം. ഒരപൂർവ്വ സംഭവമെന്ന ഇന്നത്തെ അവസ്ഥ അവസാനിക്കണം. (3) കേരളത്തിൻേറയും ഇന്ത്യയുടേയും വികസനാവശ്യങ്ങളുമായി ബന്ധപ്പെട്ടതും, പഠനാനന്തരം ഉല്പാദന, സേവന മേഖലകളിൽ അനായാസകരമായി സ്വീകരിക്കപ്പെടാൻ സാധ്യതകളുള്ളതുമായ കോഴ്സുകൾ ഓരോ വൈജ്ഞാനിക ശാഖയിലും ആരംഭിക്കണം (4) സർവ്വകലാശാലകൾ കേവലം പരിശീലന കേന്ദ്രങ്ങളല്ല. അതുകൊണ്ടുതന്നെ, ഓരോ മേഖലയിലെയും അടിസ്ഥാന വിഷയങ്ങളിൽ പഠനവും ഗവേഷണവും ഉണ്ടാകണം ഇതിന്, ഉടനെയുള്ള തൊഴിൽ പരമോ അല്ലാത്തതോ ആയ പ്രയോജനം ആകരുത് മാനദണ്ഡം (5) എല്ലാ കോഴ്സുകളിലും പരമാവധി, 'ഇൻറർഡിസിപ്ളിനറി' സമീപനം സ്വീകരിക്കണം (6) ഡിഗ്രി തലത്തിലും മറ്റും പല മുഖ്യ വിഷയങ്ങൾക്ക് ഒരേ ഉള്ളടക്കത്തോടുകൂടിയ അനുബന്ധവിഷയം പഠിപ്പിക്കുന്ന രീതി മാറണം. ഓരോ മേഖലയുടെയും

ആവശ്യങ്ങൾക്കനുസരിച്ച് അനുബന്ധവിഷയത്തിൻെറ പാഠ്യക്രമത്തിലും മാറ്റം ഉണ്ടാകണം. ഉദാ. ഫിസിക്സ് വിദ്യാർത്ഥികൾക്കും, ബോട്ടണി വിദ്യാർത്ഥികൾക്കും പഠിക്കേണ്ടി വരുന്ന കെമിസ്ട്രി (സബ്സിഡിയറി) കരിക്കുലം വ്യത്യസ്തമാകണം (7) ബിരുദതലത്തിൽ ഇന്ന്, ഒരു പ്രധാന വിഷയം രണ്ട് ഉപവിഷയങ്ങൾ എന്നതാണ് സമ്പ്രദായം. ഇതിൻെറ പ്രയോജനം പുനഃപരിശോധിക്കണം. ഉപവിഷയങ്ങളുടെ നിലവാരം ഇന്നു തീരെ അപര്യാപ്തമാണ്. അതുകൊണ്ട് ഒറ്റ അനുബന്ധവിഷയം എന്ന രീതിയുടെ അഭിലഷണീയത ആലോചനാവിധേയമാക്കണം 3 മെയ്ൻ വിഷയങ്ങൾ പഠിക്കുന്ന രീതിയുമാകാം. (8) ഇപ്പോഴുള്ളതിൽ വളരെ ക്കൂടുതൽ 'സബ്ജക്ട്-കോംബിനേഷനുകൾ' ഉണ്ടാകണം. വൈവിധ്യമാർന്ന വൈജ്ഞാനികാവശ്യങ്ങൾ നിർവഹിക്കാൻ അതു കൂടിയേ തീരു. (9) ഇന്നത്തെ ബോധനസമ്പ്രദായം സമ്പൂർണ്ണമായി പരിഷ്ക്കരിക്കണം. ക്ലാസ്സുകളെക്കുറിച്ച് വ്യാപകമായുള്ള ധാരണയിൽ മൗലിക വ്യത്യാസം ഉണ്ടാകണം. ക്ലാസുകൾ എന്നാൽ അദ്ധ്യാപകരുടെ 'മോണോലോഗ്' എന്ന അവസ്ഥ മാറണം. വിദ്യാർത്ഥികളിൽ നിന്നും ചോദ്യങ്ങളും സംശയങ്ങളും ഉയരാത്ത ക്ലാസ്സുകൾ, ധൈഷണികമായി വെറും മരുഭൂമികളാണ്. വിദ്യാർത്ഥിയുടെ അന്വേഷണാസക്തിയും സർഗ്ഗശക്തിയും വിമർശനാത്മകതയും വികസിപ്പിക്കുകയെന്നതായിരിക്കണം മൗലിക ലക്ഷ്യം. കോളജുകളിൽ അദ്ധ്യാപകർ (ടീച്ചേഴ്സ്) ഇല്ലെന്നാണല്ലോ സങ്കല്പം! അവിടെയുള്ളവർ 'ലക്ചറന്മാരും' 'പ്രൊഫസറന്മാരും' ആണ്. കോളജ് വിദ്യാർത്ഥികൾ പഠിപ്പിക്കപ്പെടേണ്ടവർ അല്ലെന്നും സ്വയം പഠിക്കേണ്ടവരാണെന്നുമത്രേ ഇതിൻെറ അർത്ഥം. അവരുടെ സ്വയം പഠനത്തിൽ അവരെ സഹായിക്കുകയെന്ന ധർമ്മമേ ഉള്ളൂ 'ലക്ചറന്മാർക്കും പ്രൊഫസറന്മാർക്കും' സ്വയം പഠിക്കുന്നതിനു വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്ന സാഹചര്യം ഉണ്ടാവുകയാണാവശ്യം. (10) പഠനപ്രക്രിയയിൽ ആധുനിക ദൃശ്യ, ശ്രവ്യ സംബന്ധമായ ഉപകരണങ്ങളുടെ സാധ്യതകൾ മുഴുവൻ ഉപയോഗിക്കപ്പെടണം. ഈ ഉപകരണങ്ങൾ വിദ്യാർത്ഥികൾ തന്നെ കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കപ്പെടണം. (11) ഔപചാരിക ലക്ചറുകൾ പരമാവധി കുറയ്ക്കണം. വിദ്യാർത്ഥികളുടെ സംഘം ചേർന്നുള്ള ചർച്ചകളും സെമിനാറുകളും വിദ്യാർത്ഥികളുടെ തന്നെ ലക്ചറുകളും ധാരാളം ഉണ്ടാകണം. (12) ബിരുദതലം തൊട്ട് നിശ്ചിത വിഷയങ്ങളെക്കുറിച്ചുള്ള പ്രബന്ധാവതരണവും 'പ്രോജക്ടുകളും പാഠ്യക്രമത്തിൻെറ ഭാഗമാക്കണം. (13) പ്രാക്ടിക്കൽ വിഷയങ്ങളുടെ സിലബസ് ഇപ്പോൾ തികച്ചും അപര്യാപ്തമാണ്. പഠിച്ച സിദ്ധാന്തങ്ങളുടെ പരീക്ഷണപരമായ 'വെരിഫിക്കേഷൻ' ആണ് 'പരീക്ഷണ' ശാലകളിൽ ഇന്ന് നടക്കുന്നത്. അത് പോരാ. 'പ്രാക്ടിക്കൽ ക്ലാ

സ്സുകൾ' പഠിച്ച സൈദ്ധാന്തിക അറിവിൻെറ പ്രയോഗത്തിനും തൊഴിൽ രംഗത്തെ ഉപയോഗത്തിനും പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിനും വിദ്യാർത്ഥിയെ സഹായിക്കുന്നതാകണം. കലാലയങ്ങളുടെ സമീപ പ്രദേശത്തെ തൊഴിൽ സ്ഥാപനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, കൃഷി സംരംഭങ്ങൾ, വികസന പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി സ്വാഭാവികമായ ബന്ധം ഉണ്ടാകണം (14) ബിരുദതലത്തിൽ ഓരോ വിഷയത്തോടും ബന്ധപ്പെട്ട് തൊഴിൽ രംഗങ്ങളിൽ പ്രയോജനപ്പെടുന്നതരം കോഴ്സുകൾ ആരംഭിക്കണം. (15) ഇന്നത്തെ ഭാഷാബോധനരീതി സാഹിത്യാഭിരുചി വളർത്താനോ ഭാഷാനൈപുണ്യം വർദ്ധിപ്പിക്കാനോ സഹായിക്കുന്നതല്ല. ആശയവിനിമയക്ഷമത വർദ്ധിപ്പിക്കത്തക്കവണ്ണം ഭാഷാ പഠനരീതി മാറണം. ഭാഷയുടേയും സാഹിത്യത്തിൻേറയും പഠനം, അവശ്യം ഒരു മാനവീകരണ പ്രവർത്തനമാണെന്ന കാര്യവും വിസ്മരിക്കാനിടയാകരുത്. (16) ഭാഷ പ്രധാന വിഷയമായി എടുക്കുന്നവർക്ക് മറ്റു ഭാഷകളോ, ജേർണലിസം, പരസ്യകല തുടങ്ങി ഭാഷാസാമർത്ഥ്യമാവശ്യമുള്ള വിഷയങ്ങളോ ഉപവിഷയമായി പഠിക്കാൻ സൗകര്യമുണ്ടാകണം (17) കരിക്കുലത്തിൻെറ മാറ്റത്തോടൊപ്പം കോഴ്സുകളുടെ ഘടനയിലും മാറ്റമുണ്ടാകണം. ബിരുദകോഴ്സുകൾ ആറു സെമസ്റ്ററുകളായും ബിരുദാനന്തര കോഴ്സുകൾ നാലു സെമസ്റ്ററുകളായും തിരിക്കണം. ഓരോ സെമസ്റ്ററും സൗകര്യപ്രദമായ ചെറിയ ചെറിയ ഖണ്ഡങ്ങളാക്കണം. ഓരോ ഭാഗത്തിനും വേണ്ട പാഠങ്ങൾ, പ്രാക്ടിക്കലുകൾ, പ്രോജക്ടുകൾ, പരീക്ഷകൾ ക്രമീകരിക്കണം. ഓരോ സെമസ്റ്ററിലെയും പ്രവർത്തി സമയത്തിൻെറ 80 ശതമാനമെങ്കിലും തികച്ചവർക്കേ ആ സെമസ്റ്ററിലെ വിലയിരുത്തലിനു വിധേയരാകാൻ അവകാശമുണ്ടായിരിക്കുവെന്ന് വരണം. (18) ദേശീയവും അന്തർദേശീയവുമായി അംഗീകാരമുള്ളവയായിരിക്കണം ടെക്സ്റ്റു ബുക്കുകൾ. അവ കാലാകാലങ്ങളിൽ മാറുകയും വേണം. (19) പഠനപദ്ധതി, ക്രമം ഇവയുടെ കാലികവും പ്രയോജനകരവുമായ പുനഃസംവിധാനം തുടർച്ചയായി നടക്കണമെങ്കിൽ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റീസ്, അക്കാദമിക് കൗൺസിൽ ഇവയുടെ രൂപീകരണത്തിലും പ്രവർത്തനരീതികളിലും സാരമായ മാറ്റങ്ങൾ ഉണ്ടാകണം. ഈ സമിതികളുടെ ഫലപ്രദവും അനസ്യൂതവുമായ പ്രവർത്തനം നിർണ്ണായകമാണ്. (20) കോഴ്സുകളുടെയും മറ്റും പുനഃസംഘാടനം വിദ്യാഭ്യാസ വിദഗ്ധരും അദ്ധ്യാപകരുമായി വിശദമായി ചർച്ച ചെയ്തുവേണം നടപ്പാക്കാൻ (21) പുതിയ വിഷയങ്ങളും ബോധനസമ്പ്രദായങ്ങളും അദ്ധ്യാപകർക്കു സമർത്ഥമായി കൈകാര്യം ചെയ്യാൻ പര്യാപ്തവും സൗകര്യപ്രദവുമായ പുനർ വിദ്യാഭ്യാസപദ്ധതി തുടർച്ചയായി നടപ്പാക്കണം.

# 10. ധനകാര്യം

10.00 സാമ്പത്തിക ഞെരുക്കത്തിൻെറ പേരിൽ ഉന്നത വിദ്യാഭ്യാസം പരിമിതപ്പെടുത്തുവാനും സാമ്പത്തിക ബാദ്ധ്യതയിൽ നിന്ന് ഒഴിഞ്ഞു മാറുവാനും സർക്കാർ ഇന്ന് ശ്രമം നടത്തുകയാണ്. ഇവിടെ സ്മരണീയമായ ഒരു ചരിത്രവസ്തുതയുണ്ട്. കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ഓരോ പുതിയ കാൽവയ്പിൻെറ പിമ്പിലും സർക്കാർ ഉണ്ടായിരുന്നു. സർക്കാരിൻെറ പിന്തുണയും പാത തെളിക്കലുകളുമാണ് കേരളത്തിൽ വിദ്യാഭ്യാസം എല്ലാവരിലേക്കും എത്തിക്കുകയെന്ന നേട്ടം ഉണ്ടാക്കാൻ അവസരമൊരുക്കിയത്. ഇന്ന് ഈ രംഗങ്ങളിൽ നിന്നും സർക്കാർ പിൻവാങ്ങിയാൽ വിദ്യാഭ്യാസരംഗത്തിൻെറ സാമൂഹികവത്കരണത്തിന് അത് ഏറ്റവും വലിയ തിരിച്ചടിയാകും. സവിശേഷ വിദ്യാഭ്യാസം സമ്പന്നർക്കായി സംവരണം ചെയ്യാനും ഉന്നത വിദ്യാഭ്യാസത്തിൻെറ പ്രയോജനം സമൂഹത്തിലെ ന്യൂനപക്ഷത്തിന്നായി പരിമിതപ്പെടുത്താനും അത് ഇടയാക്കും. ഉന്നത വിദ്യാഭ്യാസരംഗത്തിൻെറ സാമ്പത്തിക ബാദ്ധ്യതയുടെ പ്രാഥമിക ഉത്തരവാദിത്തം സർക്കാരിനു തന്നെയാണ്. ആ ഉത്തരവാദിത്തത്തിൽ നിന്നും സർക്കാർ പിന്മാറിക്കൂടാ.

10.10 അതിൻെറയർത്ഥം, ഉന്നതവിദ്യാഭ്യാസത്തിൻെറ ഗുണഭോക്താക്കൾക്ക് യാതൊരു സാമ്പത്തിക ഉത്തരവാദിത്തവും ഇല്ലെന്നല്ല. തീർച്ചയായും, അവർ ചെലവിൻെറ ഒരു പങ്ക് വഹിക്കണം. വിദ്യാർത്ഥികൾ മാത്രമല്ല ഉന്നത വിദ്യാഭ്യാസത്തിൻെറ ഗുണഭോക്താക്കൾ. പിന്നോക്ക വിഭാഗങ്ങളിൽ നിന്നൊഴികെയുള്ള വിദ്യാർത്ഥികൾ ചെലവിലേക്ക് ഒരു വിഹിതം നല്കണം. പക്ഷേ, ഇത് പ്രവേശനത്തെ പരിമിതപ്പെടുത്തുന്ന അളവിലായിക്കൂടാ. ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികൾക്കും, സ്വന്തം ബാദ്ധ്യതയിൽ ഫീസിനു വേണ്ടിവരുന്ന തുക പലിശയില്ലാത്ത കടമായി നൽകാൻ സർക്കാർ തയ്യാറാകണം. പഠനവുമായി ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾക്കുവേണ്ട തുകയും തുച്ഛമായ പലിശയോടെ, സ്വന്തം ജാമ്യത്തിൽ, 'ലോൺ സ്കോളർഷിപ്പ്' ആയി നല്കുകയും വേണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടിസ്ഥാന പ്രമാണങ്ങൾ ബലികഴിക്കാതെ വിഭവസമാഹരണം നടത്താം.

10.20 വിദ്യാഭ്യാസ ചെലവ് വഹിക്കാനുള്ള കഴിവ്, യാതൊരു കാരണവശാലും പ്രവേശനത്തിനു മാനദണ്ഡമായിക്കൂടാ. ആ അർത്ഥത്തിൽ സെൽഫ് ഫൈനാൻസിംഗ് കോളജുകളും കോഴ്സുകളും അസ്വീകാര്യമാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, വിദ്യാഭ്യാസത്തെ ഒരു ചരക്കാക്കിക്കൂടായെന്നതാണ്. വിദ്യാഭ്യാസം ഒരു ചരക്ക്, എന്നതായിക്കൂടാ വിഭവസമാഹാരണത്തിൻെറ അടിസ്ഥാന തത്ത്വം.

10.30 വിഭവങ്ങളുടെ ബുദ്ധിപൂർവകമായ വിനിയോഗം നടക്കണം. ദുർവ്യയ്വും ധൂർത്തും ഇന്നു വ്യാപകമാണ്. വിഭവശേഷിയുടെ ഒരു പുതിയ ആസൂത്രണം ഉണ്ടാകണം. വിഭവ സമാഹരണത്തിനും വിഭവ വിനിയോഗത്തിനും ഒരു പുതിയ അടിസ്ഥാനവും സമീപനവും സ്വീകരിക്കുകയും വേണം.

10.40 അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മിക്ക കോളജുകളുടെയും പ്രശ്നമാണ്. ലൈബ്രറികളും ലബോറട്ടറികളും ഗണനീയമായി വികസിപ്പിച്ചെങ്കിലേ മിക്ക കോളജുകളിലും സർവ്വകലാശാല, നിലവാരമുള്ള കോഴ്സുകൾ നടത്താനാകൂ. ഈ രംഗത്ത് വളരെയധികം നിക്ഷേപം ഉണ്ടാകണം. ഇന്നത്തെ സാഹചര്യത്തിൽ സ്വകാര്യ മാനേജ്മെൻറ് അതിനു തയ്യാറാകുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് സാമൂഹിക നിയന്ത്രണമുള്ള സമിതികൾ ധനസമാഹാരണത്തിനു തയ്യാറകണം. ഈ തുകയുടെ വിനിയോഗവും സാമൂഹിക നിയന്ത്രിതമായിരിക്കണം. പൊതുസമിതികളിൽ ചർച്ചയുണ്ടാകണം. വിശദാംശങ്ങൾ പരസ്യപ്പെടുത്തുകയും വേണം.

# 11. വിലയിരുത്തൽ പ്രക്രിയ

11.00 വിലയിരുത്തൽ പ്രക്രിയയുടെ ഏക ഘടകമിന്ന് പരീക്ഷയാണ്. പരീക്ഷയാകട്ടെ വിദ്യാഭ്യാസ പ്രക്രിയയെ തടങ്കലിലാക്കിയിരിക്കുകയുമാണ്. വിദ്യാഭ്യാസ പ്രക്രിയയുടെ മോചനത്തിന്നാവശ്യം വിലയിരുത്തലിൻെറ സമഗ്രത സ്ഥാപിക്കുകയാണ്. പരീക്ഷാസമ്പ്രദായത്തിൻെറ സമൂലമാറ്റത്തിലൂടെയേ ഇത് സാധിക്കൂ. ഒറ്റപ്പെട്ട ചില പരിഷ്കാരങ്ങൾ അപര്യാപ്തമാണ്.

11.10 വിലയിരുത്തൽ പ്രക്രിയയുടെ ധർമ്മം മനസ്സിലാക്കുന്നതിൽ അടിസ്ഥാനപരമായ മാറ്റം ആവശ്യമുണ്ട്. വിലയിരുത്തൽ എന്നാൽ ഇന്ന് വർഷാവസാന പരീക്ഷ മാത്രമാണ്, അത് എഴുത്തുപരീക്ഷയോ, വാചാ പരീക്ഷയോ, പ്രാക്ടിക്കൽ പരീക്ഷയോ ആകാമെങ്കിലും. ഇത് വിദ്യാഭ്യാസത്തെക്കുറിച്ചു തന്നെയുള്ള വികല ധാരണയിൽ നിന്നും ഉണ്ടായതാണ്. വിജ്ഞാനം ആർജിക്കൽ, നിരീക്ഷണ, പരീക്ഷണ, അപഗ്രഥന, ഉദ്ഗ്രഥന കഴിവുകളുടെ വികാസം, പരിശീലനം, അറിവിൻെറ പ്രയോഗം, മൂല്യപരമായ സംസ്കരണം ഇതൊക്കെ വിദ്യാഭ്യാസ പ്രക്രിയയുടെ അവശ്യഭാഗങ്ങളാണ്. അപ്പോൾ ഒരു വിദ്യാർത്ഥിയെ വിലയിരുത്തുമ്പോൾ ഇതെല്ലാം പരിശോധിക്കപ്പെടണം.

11.20 വിദ്യാർത്ഥികളുടെ വിലയിരുത്തൽ തുടർച്ചയായി നടക്കണം, വർഷാവസാനം മാത്രമായാൽ പോരാ (അതും നിറുത്താൻ നീക്കങ്ങൾ നടക്കുന്നു!) ഈ വിലയിരുത്തലുകളുടെ ആകെത്തുകയാകണം കോഴ്സിൻെറ അന്തിമഫലം.

11.30 വിലയിരുത്തലിൻെറ പ്രാഥമിക ഉത്തരവാദിത്തം അദ്ധ്യാപനം നടത്തുന്നവർക്കായിരിക്കണം. സെമസ്റ്റർ സമ്പ്രദായവും ആന്തരിക വിലയിരുത്തലും എല്ലാവർക്കും ഏർപ്പെടുത്തണം. പോസ്റ്റ് ഗ്രാഡ്വേറ്റ് തലംതൊട്ട് വിദ്യാർത്ഥികൾ പരസ്പരം വിലയിരുത്തൽ നടത്താനുള്ള സാദ്ധ്യതയും ആരായണം.

11.40 മൗലികമായ അറിവിൻെറ ആർജ്ജിക്കലും ആർജ്ജിത അറിവ് പ്രയോഗിക്കാനുള്ള സമർത്ഥതയും പരിശോധിക്കത്തക്കവണ്ണം പരീക്ഷാ സമ്പ്രദായവും മൂല്യനിർണ്ണയവും മാറണം. 'അറിവ്' എന്നാൽ ഇന്ന് ഓർമ്മയാണ്.

അജ്ഞത മറവിയും. പരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ മാർക്കുമേടിക്കാനുള്ള കുറുക്കുവഴികൾ കണ്ടെത്തുന്ന ശ്രമങ്ങളായി അധഃപതിച്ചിരിക്കുന്നു. ഒറ്റവാക്ക് -ഉത്തര് സംസ്കാരത്തിൻെറവേലിയേറ്റത്തിൽ വിലയിരുത്തൽ പ്രക്രിയയുടെ സമഗ്രത നഷ്ടപ്പെടാതെ നോക്കണം.

11.41 ടെക്സ്റ്റു ബുക്കുകളുടെയും റഫറൻസ് ഗ്രന്ഥങ്ങളുടെയും വായനയില്ലാത്തവർക്കും, പരീക്ഷണബുദ്ധിയോടെ 'പരീക്ഷണശാലകൾ' ഉപയോഗിച്ചിട്ടില്ലാത്തവർക്കും പ്രയോജനപ്പെടാത്ത വിധത്തിൽ ചോദ്യങ്ങളുടെ രീതിക്ക് മാറ്റം വരണം. ചോദ്യങ്ങളുടെ ആവർത്തനം കഴിയുന്നത്ര ഒഴിവാക്കണം. 'ക്വസ്റ്റ്യൻ ബാങ്കുകൾ' വ്യാപകമായി ഉപയോഗിക്കണം. തുറന്ന പുസ്തക സമ്പ്രദായം സ്വീകരിക്കാം, ചില കോഴ്സുകൾക്കെങ്കിലും.

## 12. അദ്ധ്യാപകർ

12.00 കേരളത്തിൻെറ സാംസ്കാരിക ചരിത്രത്തിൽ സവിശേഷമായ സംഭാവന നല്കിയിട്ടുള്ള സാമൂഹിക വിഭാഗമാണ് അദ്ധ്യാപകർ. മൂല്യ സൃഷ്ടി സംബന്ധവും നേതൃത്വപരവുമായ അദ്ധ്യാപകരുടെ സ്ഥാനം വളരെ ഉന്നതമാണ്. അദ്ധ്യാപകരുടെ സവിശേഷ ധർമ്മം സഫലമായി നിർവഹിക്കണമെങ്കിൽ ആത്മനിഷ്ഠ ഘടകങ്ങളോടൊപ്പം ഘടനാപരമായ സാഹചര്യങ്ങളും ഉണ്ടാകണം.

12.10 അദ്ധ്യാപക നിയമനത്തിൻെറ ഏകമാനദണ്ഡം, സംവരണ തത്ത്വങ്ങൾക്കു വിധേയമായി മെറിറ്റു തന്നെയായിരിക്കണം. നീതിപൂർവകമായ ഒരു റാങ്കിംഗ് സമ്പ്രദായം രൂപപ്പെടുത്തി, അപേക്ഷകരെയെല്ലാം സംസ്ഥാനതലത്തിൽ റാങ്കു ചെയ്യണം. ആ ലിസ്റ്റിൽ നിന്നും സംവരണ തത്ത്വങ്ങൾ പാലിച്ചുകൊണ്ട്, റാങ്ക് അനുസരിച്ചു തന്നെ കോളജുകൾ നിയമനങ്ങൾ നടത്തണം. അല്ലെങ്കിൽ നിയമനം പി.എസ്.സി.ക്കു വിടണം. ഉന്നത വിദ്യാഭ്യാസ രംഗത്തെ എല്ലാ നിയമനങ്ങളും പൊതു ചർച്ചയിലൂടെ രൂപപ്പെടുത്തിയ പൊതുമാനദണ്ഡം ഉപയോഗിച്ചു നടത്തുകയെന്നതാണ് ഈ രംഗത്തെ ഗുണപരമായി പരിവർത്തിപ്പിക്കാൻ ആദ്യം ചെയ്യേണ്ടത്.

12.20 അദ്ധ്യാപനത്തിന്, അദ്ധ്യാപകരെ അർഹരാക്കുന്നത് അറിവിൻെറ തുടർച്ചയായ നേടലാണ്. ഓരോ വിഷയത്തിലുമുണ്ടാകുന്ന വൈജ്ഞാനിക വികാസവുമായി പരിചയപ്പെടുകയെന്നത് അദ്ധ്യാപകരുടെ ചുമതലയായി മാറണം. റിഫ്രഷർ കോഴ്സുകൾ വ്യാപകമാക്കണം, അതിൽ പങ്കെടുക്കുകയെന്നത് അദ്ധ്യാപകർക്ക് അനായാസകരമായിത്തീരുകയും വേണം.

12.21 ഡിപ്പാർട്ടുമെൻറുകൾക്കകത്തും വിവിധ ഡിപ്പാർട്ടുമെൻറുകൾ ചേർന്നും കൂട്ടായ പഠനത്തിൻേറയും വിമർശനത്തിൻേറയും വിലയിരുത്തലിൻേറയും ഒരു പുതിയ സംസ്കാരം സൃഷ്ടിക്കണം.

12.22 അദ്ധ്യാപനത്തിൻെറ സമർത്ഥതയുടെ ഏറ്റവും നല്ല വിധികർത്താക്കൾ വിദ്യാർത്ഥികളാണ്. കാരണം, അദ്ധ്യാപനം ഏറ്റവും കൂടുതൽ പ്രയോജനപ്പെടേണ്ടത് അവർക്കാണല്ലോ. അദ്ധ്യാപനത്തിൻെറ ഇന്നത്തെ 'ഏകദിശാ ഭാഷണ'സ്വഭാവം പാടെ മാറണം. അത് വിദ്യാർത്ഥികളുമായുള്ള യഥാർത്ഥ സംവാദപ്രക്രിയയായി തീരണം. അർത്ഥപൂർണ്ണമായ

സംവാദത്തിൻെറ അന്തരീക്ഷത്തിൽ, അദ്ധ്യാപനത്തിൻെറ ആരോഗ്യ കരമായ വിമർശനം ഉണ്ടാകുന്നത് സംവേദനക്ഷമതയേയും നിലവാര ത്തേയും ഉയർത്തുകയും ചെയ്യും.

12.30 അദ്ധ്യാപകർ അവരുടെ ധർമ്മ നിർവഹണത്തെ സംബന്ധിച്ച സമഗ്രവും നിശിതവുമായ ഒരു ആത്മവിമർശനത്തിനു തയ്യാറാകണം. കലാലയങ്ങളിലെ ജീർണ്ണതയ്ക്ക് അദ്ധ്യാപകർക്കുമുണ്ട് ഉത്തരവാദിത്തം. അനിയന്ത്രിത ഉപഭോക്തൃ താല്പര്യങ്ങളും ധനസമ്പാദനവ്യഗ്രതയും അദ്ധ്യാപനമെന്ന പ്രാഥമിക ഉത്തരവാദിത്തം നിർവഹിക്കുന്നതിനു തടസ്സമാണ്. സാമൂഹിക പ്രതിബദ്ധത, അദ്ധ്യാപനത്തിലുള്ള ആത്മാ ർത്ഥത, കാര്യക്ഷമത, ശിക്ഷണം, വസ്തുനിഷ്ഠത മുതലായവയുടെ വിലയിരുത്തലിനു അദ്ധ്യാപകർ വിധേയരാകണം. സാമൂഹിക പരിശോ ധനയെ അദ്ധ്യാപകർ സ്വാഗതം ചെയ്യണം.

12.31 അദ്ധ്യാപകർക്ക് തൊഴിൽ മാനദണ്ഡങ്ങൾ ഉണ്ടാകണം. സാമൂഹിക ഉത്തരവാദിത്തത്തിൻേറയും പൊതു ചർച്ചകളുടെ ഫലമായ അഭിപ്രായ സമന്വയത്തിൻേറയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാകണം; ഇവ, ബാഹ്യശക്തികൾ ഏകപക്ഷീയമായി അടിച്ചേല്പിക്കുന്ന നിർദ്ദേശങ്ങൾ ആകരുത്.

12.40 അദ്ധ്യാപക സംഘടനകൾ കേരളത്തിലെ സാമൂഹിക വ്യവസ്ഥിതി മാനവീകരിക്കാൻ നടത്തിയ പോരാട്ടങ്ങളും നല്കിയ സംഭാവനകളും വളരെയാണ്. സ്വകാര്യമാനേജ്മെൻറുകളുടേയും സർക്കാരുകളുടേയും വെറും ജീവനക്കാരായിരുന്ന അദ്ധ്യാപകരെ ആത്മാഭിമാനവും അന്തസ്സു മുള്ളവരാക്കി മാറ്റിയതിലും അവർക്കു ന്യായമായ സേവന വേതന വ്യവസ്ഥകൾ നേടിക്കൊടുത്തതിലും അദ്ധ്യാപക സംഘടനകൾ അനു ഷ്ഠിച്ച സേവനം നമ്മുടെ സാംസ്കാരിക ചരിത്രത്തിലെ മഹത്തായൊരു സംഭവമാണ്. എന്നാൽ ഇന്നവർ തീവ്രമായ ആത്മവിമർശനത്തിനും സാഹ ചര്യങ്ങൾക്കനുയോജ്യമായ പുതിയ സമീപനത്തിനും തയ്യാറാകണം.

12.41 ഇന്ന് അദ്ധ്യാപക പ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ട ചരിത്രപരമായ ചുമതലകൾ ഇവയത്രേ. 1. സേവന-വേതന സംബന്ധമായ സമരങ്ങളിൽ അഭിമാനാർഹമായ നേട്ടം കൈവരിച്ച അദ്ധ്യാപക പ്രസ്ഥാനങ്ങൾ സാം സ്കാരിക രംഗത്തിൻെറ മൗലികമായ നവീകരണത്തിനു പ്രതിജ്ഞാ ബദ്ധമാകുക, 2. സാമൂഹിക, സാമ്പത്തിക സംഭവ വികാസങ്ങൾ ആഴത്തിൽ അപഗ്രഥിച്ച് ഭാവിപ്രതീക്ഷയുടെ അടിസ്ഥാനം വ്യക്തമാ ക്കുക. 3. അറിവിൻെറ വെറും എടുത്തുകൊടുപ്പുകാർ അല്ല അദ്ധ്യാപക രെന്നും മൂല്യങ്ങൾ, വിശ്വാസങ്ങൾ, വൈജ്ഞാനിക സ്വാതന്ത്ര്യം, രാഷ്ട്രീ യാവബോധം ഇവ സൃഷ്ടിക്കുന്ന സാംസ്കാരിക പ്രവർത്തകരാണ് അവ

രെന്നുമുള്ള തിരിച്ചറിവ് ഉണ്ടാക്കുക. വിദ്യാഭ്യാസ ഘടനയുടെ സമഗ്രമായ മാറ്റത്തിനു പോരാടുക. 5. കലാലയങ്ങളിലെ അഴിമതിക്കും, പക്ഷപാതങ്ങൾക്കും വിഭാഗീയതകൾക്കുമെതിരെ കാവൽപ്പടയാളികളാകുക 6. നമ്മുടെ ക്യാമ്പസുകളിൽ പടർന്നുപിടിക്കുന്ന ജീർണ്ണ സംസ്കാരത്തിനും മൂല്യച്യുതിക്കുമെതിരെ ധീരമായി പ്രതികരിക്കുക. 7. സമൂഹം, വിദ്യാർത്ഥികൾ, മാനേജ്മെൻറ് ഇവയുടെ മദ്ധ്യത്തിൽ ആരോഗ്യകരമായ ആശയവിനിമയ ചാനലുകൾ ഒരുക്കുക.

12.50 മൗലിക വാദങ്ങളും കമ്പോള സമ്പ്രദായങ്ങളും കേരളത്തിൻെറ സാമൂഹിക, സാമ്പത്തിക മേഖലകളെയാകെ ആവാഹിച്ചധീനമാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന ഈ കാലഘട്ടത്തിൽ, നിരന്തരമായ പുനർവിദ്യാഭ്യാസത്തിൻേറയും, പുനഃസൃഷ്ടിയുടേയും സംസ്കാരം ഏറ്റുവാങ്ങി മാറ്റത്തിൻെറ ചാലകശക്തിയാകുകയാണ് അദ്ധ്യാപകൻെറ ചരിത്രധർമ്മം.

# 13. വിദ്യാർത്ഥികൾ

13.00 ഉന്നത വിദ്യാഭ്യാസരംഗത്തെ മുഖ്യവ്യക്തികൾ വിദ്യാർത്ഥികൾ ആണെന്ന തിരിച്ചറിവിൽ നിന്നുവേണം ആ രംഗത്തിൻെറ പരിവർത്തന പ്രക്രിയ ആരംഭിക്കാൻ.

13.10 ഉന്നത വിദ്യാഭ്യാസത്തിൻെറ കേവലം ഉപഭോക്താക്കളല്ല. വിദ്യാർത്ഥികൾ. ഈ രാജ്യത്തിൻെറ സാംസ്കാരിക പൈതൃകങ്ങളിൽ നിന്ന് അന്യമല്ലാത്ത ആധുനികീകരണ പ്രക്രിയയ്ക്കു നേതൃത്വം നല്കേണ്ടവർ. ഉല്പാദന രംഗത്ത് സവിശേഷ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ, പ്രാപ്തരും ബാധ്യസ്ഥരുമായവർ. വൈജ്ഞാനികമായും, ധൈഷണികമായും, മൂല്യപരമായും സമൂഹത്തെ മുൻപോട്ടു നയിക്കേണ്ടവർ-അവരാണ് വിദ്യാർത്ഥികൾ.

13.20 കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ വിദ്യാഭ്യാസരംഗത്തെ ജനകീയവല്ക്കരിക്കുന്നതിലും സംശുദ്ധീകരിക്കുന്നതിലും നിർവഹിച്ച പങ്ക് വിലപ്പെട്ടതാണ്. സാമൂഹികനീതി ബോധത്തോടെ അവരെടുത്ത ധീരമായ ചില നിലപാടുകൾ വിദ്യാഭ്യാസരംഗത്തെ ഗുണപരമായി വളർത്തിയിട്ടുമുണ്ട്.

13.21 പക്ഷേ, ഇന്ന് വിദ്യാർത്ഥി സമൂഹം ഗൗരവമായ ഒരു ആത്മവിമർശനത്തിനു വിധേയമാകണം. കർമ്മധീരതയുടേയും ആദർശ ഔന്നത്യത്തിൻേറയും മഹാസാദ്ധ്യതകളുള്ള വിദ്യാർത്ഥികൾ ഒത്തുതീർപ്പുകളുടേയും വിധേയത്വത്തിൻേറയും ജീർണ്ണ സംസ്കാരം ഏറ്റുവാങ്ങിക്കഴിഞ്ഞുവോയെന്നു സംശയിക്കണം. ഉപഭോഗവ്യവസ്ഥിതിക്കും മൗലികവാദങ്ങൾക്കും അവസരവാദരാഷ്ട്രീയത്തിനും പറ്റിയ പ്രചാരകരായി അവർ നിയോഗിക്കപ്പെടുന്നുവോയെന്നും ആലോചിക്കേണ്ടതുണ്ട്.

13.30 കലാലയ രാഷ്ട്രീയത്തെക്കുറിച്ചുള്ള വാദപ്രതിവാദം ഇന്ന് സജീവമാണ്. വിദ്യാഭ്യാസം തന്നെ, അവശ്യം ഒരു രാഷ്ട്രീയ പ്രക്രിയയാണ്. അതുകൊണ്ട് വിദ്യാർത്ഥികൾ രാഷ്ട്രീയപ്രവർത്തനം നടത്തിക്കൂടായെന്ന സമീപനം അധീശത്വ രാഷ്ട്രീയത്തിൻെറ തുടർച്ച ഉറപ്പാക്കുന്ന നിലപാടു മാത്രമാണ്. രാഷ്ട്രീയ പ്രവർത്തനങ്ങളുടെ അഭാവത്തിൽ വിദ്യാർത്ഥികൾ സങ്കുചിത, വിഭാഗീയ പ്രസ്ഥാനങ്ങളുടെ സ്വാധീനവലയത്തിലാകും.

ജീർണ്ണവും ഉപഭോക്തൃ അധിഷ്ഠിതവുമായ പൊങ്ങച്ച സംസ്കാരത്തിൻെറ പ്രദർശന വസ്തുക്കളായി അവർ അധഃപതിക്കും. കലാലയങ്ങളെ സാംസ്കാരികമായി സംശുദ്ധീകരിക്കുന്ന ഒരു പ്രവർത്തനം, വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നിർവഹിക്കുന്നുണ്ടെന്ന വസ്തുത വിസ്മരിച്ചുകൂടാ. എന്നാൽ വിദ്യാർത്ഥി രാഷ്ട്രീയത്തിൻെറ ഇതഃപര്യന്തമുള്ള സ്വാധീനത്തെക്കുറിച്ച് വിമർശനപരമായ ഒരു വിശകലനം ഉണ്ടാവുകതന്നെ വേണം. ചിലപ്പോഴെങ്കിലും അവർ സങ്കുചിത താല്പര്യങ്ങളുടെ പിടിയിൽ അമർന്നിട്ടുണ്ട്. ഒഴിവാക്കാമായിരുന്ന സംഘർഷങ്ങൾക്കും അപഭ്രംശങ്ങൾക്കും ഇടയാക്കിയിട്ടുമുണ്ട്. കലാലയ രാഷ്ട്രീയത്തിൻെറ നിരോധനമല്ല ആവശ്യം. വിമർശനാത്മക വിലയിരുത്തലിൻേറയും ഉത്തരവാദിത്തപൂർണ്ണമായ രാഷ്ട്രീയാവബോധത്തിൻേറയും ഫലമായുണ്ടാകുന്ന ഒരു പുതിയ പ്രവർത്തനശൈലിയാണ്.

13.31 കോളജ്, സർവകലാശാല യൂണിയനുകളുടെ തിരഞ്ഞെടുപ്പ് സമ്പ്രദായങ്ങളും പ്രവർത്തന രീതിയും നിഷ്കൃഷ്ടമായ ഒരു പഠനത്തിന് വിധേയമാക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും വേണം.

13.40 ഇന്ന് വിദ്യാർത്ഥികളും വിദ്യാർത്ഥിപ്രസ്ഥാനങ്ങളും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഇവയാണ്. (1) മൗലികമായ അർത്ഥത്തിലുള്ള വിദ്യാഭ്യാസ പ്രക്രിയയിൽ വിദ്യാർത്ഥികൾ മുഴുകാനിടയാക്കുക. കോളജുകൾ അതിൻെറ വിശാലമായ അർത്ഥത്തിൽ-ക്ലാസ്സുമുറികളുടെ, ലൈബ്രറികളുടെ, ലബോറട്ടറികളുടെ, കളിക്കളങ്ങളുടെ, നാടക വേദികളുടെ നൃത്തയരങ്ങുകളുടെ ഒക്കെ സംഘാതമാണല്ലോ കോളജ്-വിദ്യാർത്ഥികളുടെ പ്രധാന പ്രവർത്തനരംഗമാകണം. ട്യൂഷൻ സെൻററുകളും ട്യൂട്ടോറിയലുകളും ഉല്ലാസകേന്ദ്രങ്ങളും വിദ്യാർത്ഥികളുടെ കൂടുതൽ സമയവും അപഹരിക്കുന്ന സാഹചര്യം മാറണം. കോളജുകൾ അക്കാദമിക അന്വേഷണത്തിൻെറ പ്രഥമ വേദിയാകണം. അത് നിർവഹിക്കാത്തവർക്ക് വിദ്യാർത്ഥികളെന്ന പദവിക്കർഹതയില്ലെന്നു പ്രഖ്യാപിക്കുക. 2) രാജ്യത്തിൻെറ സാമൂഹികവും വികസനപരവും, തൊഴിൽ സംബന്ധവുമായ ആവശ്യങ്ങൾക്കനുയോജ്യമായ വിധത്തിൽ കോഴ്സുകളുടെ ഘടന പുതുക്കാൻ സമ്മർദ്ദം ചെലുത്തുക 3) സാമൂഹിക സാമ്പത്തിക മേഖലകളിലെ മാറ്റങ്ങൾ സൂക്ഷ്മമായി അപഗ്രഥിച്ചു മനസ്സിലാക്കാനും അതിൻെറ പ്രത്യാഘാതങ്ങൾ ജനമദ്ധ്യത്തിൽ പ്രചരിപ്പിക്കാനും തയ്യാറാകുക. 4) വ്യക്തിനിഷ്ഠവിജയം വിദ്യാഭ്യാസത്തിൻെറ ഏകമാനദണ്ഡമായി ത്തീർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളിൽ സാമൂഹികാവബോധവും, പാരസ്പര്യവും പ്രബുദ്ധസംസ്കാരവും സൃഷ്ടിക്കാനുള്ള പരിപാടിക്ക് രൂപം നല്കുക 5) ഉന്നത വിദ്യാഭ്യാസം ഒരു സവിശേഷ

ആനുകൂല്യമാണ്. ഒരു വിദ്യാർത്ഥിയും നിഷ്കൃഷ്ടമായ അർത്ഥത്തിൽ തൻെറ വിദ്യാഭ്യാസത്തിൻെറ പൂർണ്ണ ചെലവ് വഹിക്കുന്നില്ല. അപ്പോൾ സമൂഹത്തിൻെറ ചെലവിൽ സമൂഹത്തിലെ ബഹുഭൂരിപക്ഷത്തിനും ഇല്ലാത്ത അവസരം ലഭിച്ച വിദ്യാർത്ഥി കൂടുതൽ സാമൂഹിക ഉത്തരവാദിത്തം പ്രകടിപ്പിക്കാൻ ബാദ്ധ്യസ്ഥനാണ്. പാഴാക്കാനുള്ള ഒരവസരമല്ല ഉന്നത വിദ്യാഭ്യാസം.

13.50 ഉപഭോഗതൃഷ്ണയും മാത്സര്യബോധവും ശക്തിപ്പെടുകയാണ്. സമഷ്ടിയെ മറക്കുന്ന വ്യക്തിവാദം പ്രബലപ്പെടുകയാണ്. സങ്കുചിത, യാഥാസ്ഥിതിക ചിന്താഗതികളുടെ ആശ്ലേഷത്തിലേക്ക് സമൂഹം അമരുകയുമാണ്. ഇത്തരമൊരു സാഹചര്യത്തിൽ, വിദ്യാർത്ഥികളിൽ വിശാല സാമൂഹിക താല്പര്യങ്ങളും, ദേശീയ ബോധവും പുരോഗമനേച്ഛയും സ്വന്തം നിലനില്പിൻെറ വൃത്തത്തെ ഉല്ലംഘിക്കുന്ന ജീവിത ദർശനവും രൂപപ്പെടുത്തുകയെന്ന ശ്രമകരമായ ചുമതലാ നിർവഹണമാണ് ചരിത്രം വിദ്യാർത്ഥി പ്രസ്ഥാനങ്ങളിൽ നിന്നും ഇന്ന് പ്രതീക്ഷിക്കുന്നത്.

# 14. ചില പൊതുപ്രമേയങ്ങൾ

14.00 ഒരു അദ്ധ്യാപക പ്രസ്ഥാനത്തിൻെറ നയരേഖയെന്ന നിലയിൽ, ചില പ്രത്യേക മേഖലകൾക്കും പ്രശ്നങ്ങൾക്കും ഇതിൽ കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പരാമർശിക്കാനും കഴിഞ്ഞിട്ടില്ല. എങ്കിലും, തീർച്ചയായും, ഉൾപ്പെടുത്തേണ്ട ചില പ്രമേയങ്ങൾ കൂടെയുണ്ട്.

14.10 **അദ്ധ്യയന മാധ്യമം** ഉന്നത വിദ്യാഭ്യാസ രംഗത്തെ അധ്യയനമാധ്യമം സംബന്ധിച്ച നയം ശാസ്ത്രീയവും പ്രായോഗികവുമായിരിക്കണം. വൈ ജ്ഞാനികവും സാംസ്കാരികവുമായ താല്പര്യങ്ങൾ ആകണം നയത്തി ന്നടിസ്ഥാനം. വിഷയങ്ങൾ വ്യക്തമായി മനസ്സിലാക്കാനും മൗലികമായ ചിന്തകളിലേക്കു വഴിതെളിക്കാനും ആശയങ്ങൾ സുഗമമായി ആവിഷ്കരിക്കാനും സഹായകരമായ ഭാഷ, ഏറ്റവും പരിചിത ഭാഷയായിരിക്കും. കേരളത്തിലത് മലയാളമാണ്.

14.11 ഉന്നത വിദ്യാഭ്യാസത്തിൻെറ പ്രാഥമിക ലക്ഷ്യം നിലവിലുള്ള അറിവിൻെറ വിമർശനവും മൗലികമായ അറിവിൻെറ സൃഷ്ടിയും വ്യാപനവുമാണ്. അത് സാക്ഷാത്കരിക്കണമെങ്കിൽ, കേരളത്തിൽ, അദ്ധ്യയനം മലയാള ഭാഷയിലാകണം. ശാസ്ത്ര, സാമൂഹിക വിഷയങ്ങളിൽ ബിരുദതലത്തിലുള്ള അദ്ധ്യയനം, ഉടനെതന്നെ, മലയാളത്തിലാക്കണം. സാങ്കേതിക വിഷയങ്ങളിലും, ബിരുദാനന്തരതലത്തിലും, ആവശ്യമായ സംജ്ഞകളും പദസമുച്ചയങ്ങളും ഗ്രന്ഥങ്ങളും വികസിപ്പിച്ചെടുക്കുന്നതുവരെ താമസിപ്പിക്കാം.

14.12 അദ്ധ്യയന മാധ്യമം മലയാളത്തിലാക്കുന്നതിന്നെതിരെയുള്ള ഏറ്റവും വലിയ എതിർപ്പിനു കാരണം, മലയാളികളുടെ കേരളത്തിനു പുറത്തെ ഉന്നതവിദ്യാഭ്യാസ-ജോലിസാധ്യതകളെ അത് പ്രതികൂലമായി ബാധിക്കുമെന്ന ഭയമാണ്. അതിനു പരിഹാരം ഓരോ വിദ്യാർത്ഥിയും മലയാള ഭാഷയ്ക്കു പുറമെ ഒരു ഭാഷയിൽ-അത് ഇംഗ്ലീഷോ, ഹിന്ദിയോ...ഒക്കെയാകാം-ആശയവിനിമയപരമായി സാമർത്ഥ്യം വികസിപ്പിക്കുകയാണ്. ഇത് മലയാളം അദ്ധ്യയന മാധ്യമം ആക്കുന്നതുകൊണ്ടുണ്ടാകുന്ന മേല്പറഞ്ഞ പ്രശ്നം പൂർണ്ണമായി പരിഹരിക്കും. കേരളത്തിനു പുറത്തുപോകുന്ന ഉദ്യോഗാർത്ഥികളുടേയും ഗവേഷകരുടെയും ആവശ്യങ്ങൾക്കു മതിയാ

കുകയും ചെയ്യും. പുറത്തുപോകുന്ന ഒരു ന്യൂനപക്ഷത്തിൻെറ താല്പര്യത്തിനു വേണ്ടി അവരുൾപ്പെടെയുള്ള സർവരുടെയും മൗലികതയേയും വിഷയത്തിൻെറ സമർത്ഥമായ സംവേദനത്തേയും ബാധിക്കുന്ന വിധത്തിൽ ഒരു വിദേശഭാഷയിൽ അദ്ധ്യയനം തുടരുകയല്ല വേണ്ടത്. അദ്ധ്യയനമാധ്യമം മലയാളത്തിലാക്കുന്നതിന്നാവശ്യമായ അടിസ്ഥാന സാഹചര്യങ്ങൾ സകലതലങ്ങളിലും വികസിപ്പിച്ചെടുക്കുന്നത് വൈകിക്കാതിരിക്കുകയും വേണം.

14.20 **സ്വയംഭരണം-സ്വയംഭരണ കോളജുകൾ.** ഇന്ന്, വിദ്യാഭ്യാസ ഘടന ശ്രേണീബന്ധിതമാണ്. ഉന്നതങ്ങളിൽ നിന്നും താഴോട്ടുതാഴോട്ടുള്ള അനുശാസനങ്ങളിലൂടെയാണു ഭരണം. ഈ സാഹചര്യം അക്കാദമിക സ്വാതന്ത്ര്യം നിഷേധിക്കുന്നു. ഘടനകളുടെ കാർക്കശ്യം നൂതനാശയങ്ങളുടെ ആവിഷ്കാരവും പരീക്ഷണവും തടയുന്നു. അതുകൊണ്ട് സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടാകണം. ഓട്ടോണമസ് കോളജുകളെ അനുകൂലിക്കുന്നവരുടെ വാദമിതാണ്. കൂടുതൽ സൂക്ഷ്മമായ ധാരണ ഈ പ്രശ്നത്തിലുണ്ടാകണം.

14.21. 1) 'ഓട്ടോണമി'യെക്കുറിച്ച് ഇന്നുള്ള സങ്കല്പനത്തിൽ, അധികാരം ഒരുതലത്തിൽ നിന്നും മറ്റൊരു തലത്തിലേക്കു മാറ്റുന്നുവെന്നേയുള്ളു. ഒരുപക്ഷേ, സർക്കാരിൽ നിന്നും സ്വകാര്യ, പ്രാദേശിക മാനേജുമെൻറിലേക്ക്. അധികാരത്തിൻെറ കാർക്കശ്യം കുറയുന്നില്ല. അധികാരത്തിൻെറ തന്നെ വ്യത്യസ്ത സങ്കല്പനം ഉണ്ടാകുന്നില്ല 2) മാനേജ്മെൻറുകളുടെ മാത്രം സ്വയംഭരണാവകാശം കൊണ്ട് വിദ്യാഭ്യാസ പ്രക്രിയയിലുള്ള സർഗ്ഗാത്മകത പൂർണ്ണമായി വികസിക്കുകയോ, കാര്യക്ഷമത മെച്ചപ്പെടുകയോ ചെയ്യില്ല. 3) ഇത് കുറെക്കൂടെ സങ്കുചിതമായ ഭരണക്രമത്തിനും താല്പര്യപ്രീണനത്തിനും ഇടയാക്കാം. 4) വിദ്യാഭ്യാസ പ്രക്രിയയുടെ വളർച്ചയ്ക്കും സൃഷ്ട്യുന്മുഖതയ്ക്കും, വിവിധ വിഭാഗങ്ങളുടെ ഉൾഭരണ സ്വാതന്ത്ര്യത്തിലധിഷ്ഠിതമായ പാരസ്പര്യവും ജനാധിപത്യ ഘടനകളും സാമൂഹിക നിയന്ത്രണവുമാണ് ആവശ്യം. ഈ തത്ത്വത്തിലധിഷ്ഠിതമായ ഒരു പുതിയ വിദ്യാഭ്യാസ ഭരണസമ്പ്രദായമാണ് ഉണ്ടാകേണ്ടത്. അതിൻെറ ഒരവശ്യഭാഗം മാത്രമാണ് 'ഓട്ടോണമി' 5) അക്കാദമികവും, ഭരണപരവും, സാമ്പത്തികവുമായ അംശങ്ങൾ ഒന്നിച്ചു കാണുന്ന, പങ്കാളിത്തമുള്ള, ജനാധിപത്യരീതിയിലുള്ള ഒരു 'മാനേജ്മെൻറ്' സമ്പ്രദായമാണ് ആവശ്യം. 6) ഇത്, സർവ്വകലാശാല വിഭാഗങ്ങളിലും പൊതുമേഖലാസ്ഥാപനങ്ങളിലും വേണം ആദ്യം ആരംഭിക്കാൻ 7) നിലവിലുള്ള ഓട്ടോണമസ് കോളജുകളെക്കുറിച്ചുള്ള പഠനം, ഇപ്പോൾ പ്രയോഗത്തിലിരിക്കുന്ന തരത്തിലുള്ള 'ഓട്ടോണമസ് സമ്പ്രദായത്തിൻെറ' പരാജയവും അസ്വീകാര്യതയും വളരെ വ്യക്തമാക്കുന്നതാണ്.

14.30 യു.ജി.സി. അഖിലേന്ത്യാതലത്തിൽ, സർവകലാശാലകളെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഏകോപിപ്പിക്കാനും വൈജ്ഞാനിക സംരംഭങ്ങളെ കൂട്ടിയിണക്കാനും ഉന്നത വിദ്യാഭ്യാസം ആധുനികീകരിക്കാനും യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മിഷൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധേയമാണ്. പക്ഷേ, ഈ രംഗത്തെ ഉന്നതതല സമിതിയെന്ന നിലയിൽ യു.ജി.സി.യുടെ പ്രവർത്തനങ്ങളും മുൻഗണനാക്രമങ്ങളും ചർച്ചയ്ക്കു വിധേയമാക്കേണ്ടതുണ്ട്.

14.31 1) സർവകലാശാലാ, സമിതികൾക്കും പ്രവർത്തനങ്ങൾക്കുമുള്ള യു.ജി.സി.യുടെ മാർഗ്ഗ നിർദ്ദേശക തത്ത്വങ്ങൾ ഒട്ടാക്കെ അധികാര കേന്ദ്രീകരണത്തിലും ജനാധിപത്യ നിഷേധത്തിലും അടിസ്ഥാനപ്പെടുത്തിയതാണ്.

2) വിഭവങ്ങൾ പങ്കുവയ്ക്കുന്നതിലും മൗലിക വിജ്ഞാനശാഖകൾ അംഗീകരിക്കുന്നതിലുമൊക്കെ യു.ജി.സി. പ്രദർശിപ്പിക്കുന്ന നഗര കേന്ദ്രീകൃത, അധീശത്വമാതൃകാധിഷ്ഠിത സമീപനം ഉന്നത വിദ്യാഭ്യാസത്തിൻെറ സർവ്വാശ്ലേഷകമായ വളർച്ചയെ തടയും.

3) യു.ജി.സി. പദ്ധതികൾ, സർവകലാശാലാ പഠനവിഭാഗങ്ങളോടൊപ്പം അഫിലിയേറ്റഡ് കോളജുകളിലെയും വൈജ്ഞാനിക പ്രവർത്തനങ്ങളുടെ ഗുണനിലവാരമുയർത്താൻ വളരെക്കൂടുതൽ സഹായകരമാകണം. സർവകലാശാലകളിലെ പഠനവിഭാഗങ്ങൾ കേന്ദ്രീകരിച്ച ഇന്നത്തെ സമീപനം മാറുകയും അഫിലിയേറ്റഡ് കോളജുകളിലും മൗലിക ഗവേഷണവും, ഉന്നത പഠനവും നടക്കുവാൻ സാഹചര്യം സൃഷ്ടിക്കുകയും വേണം.

14.40 സ്വകാര്യ ട്യൂഷൻ. സർഗ്ഗാത്മക വിദ്യാഭ്യാസ പ്രവർത്തനത്തിന് ഏറ്റവും കൂടുതൽ തടസ്സം ഉണ്ടാക്കുന്നതാണ് വ്യാപകമായ സ്വകാര്യട്യൂഷൻ സമ്പ്രദായം. പ്രി പ്രൈമറി തലംതൊട്ട് ആരംഭിക്കുന്ന സ്വകാര്യട്യൂഷൻ വിദ്യാർത്ഥികളുടെ മൗലികവും സർഗ്ഗാത്മകവുമായ കഴിവുകളെ നശിപ്പിക്കും. അത് വിദ്യാർത്ഥികളെ ധൈഷണികമായ ആശ്രിതത്വത്തിലേക്കും മാനസികമായ അടിമത്തത്തിലേക്കും തള്ളിവിടും. വൻതോതിലുള്ള സ്വകാര്യട്യൂഷൻ ഒരുകൂട്ടം വ്യാജവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അക്കാദമിക വിരുദ്ധ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ഇട നല്കും. ഒരു സമാന്തര വിദ്യാഭ്യാസ സാമ്രാജ്യം തന്നെ ഉയരും. ഇന്നുള്ള സ്വകാര്യ ട്യൂഷൻ സമ്പ്രദായം, വ്യാപകമായ അഴിമതിക്കും കാരണമാണ്. ഇത് അവസാനിപ്പിക്കാനുള്ള സംയുക്തവും തീവ്രവുമായ ശ്രമം ഉണ്ടാകണം.

14.50 ഉന്നത സാങ്കേതിക വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസത്തിൻെറ നിർവചനത്തിൻേറയും സാമൂഹിക ഉത്തരവാദിത്തങ്ങളുടേയും അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിനു ഒരു പുതിയ പരിപ്രേക്ഷ്യം ഉണ്ടാ

കണം. നിലവിലുള്ള സമീപനങ്ങളിൽ കാതലായ മാറ്റം വരികയും വേണം. നീതിപൂർവകവും സന്തുലിതവുമായ സാമൂഹിക വികസനാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സങ്കല്പനവും പരിപാടികളും രൂപപ്പെടുത്തുകയാണിന്നാവശ്യം. നിലവിലുള്ള സാങ്കേ തിക വിദ്യാഭ്യാസ പരിപാടികളും സ്ഥാപനങ്ങളും നിശിതമായ വിലയിരുത്തലിനു വിധേയമാക്കപ്പെടേണ്ടതുണ്ട്. ഉന്നത സാങ്കേതിക വിദ്യാഭ്യാസ സംബന്ധമായ വിശദ ചർച്ചയും നയരൂപീകരണവും ഈ രേഖയിൽ സാധ്യമല്ലല്ലോ.

**14.60 കായിക വിദ്യാഭ്യാസം.** ഒരു സമൂഹത്തിൻെറ ആരോഗ്യകരമായ വളർച്ചയിൽ കായികവിദ്യാഭ്യാസത്തിനുള്ള സ്ഥാനം ഇവിടെ വേണ്ടത്ര അംഗീകരിക്കപ്പെട്ടിട്ടില്ല. 'ഫിസിക്കൽ എഡ്യൂക്കേഷൻ' കലാലയങ്ങളിലെ അധ്യയന വിഷയങ്ങളിലൊന്നാക്കണം. കേരളത്തിൻെറ സാഹചര്യത്തിലാവശ്യമായ പാഠ്യപദ്ധതിയും പഠനക്രമവും നടപ്പാക്കുകയും വേണം.

**14.70 പാഠ്യേതരപ്രവർത്തനങ്ങൾ.** വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയ്ക്കും ആരോഗ്യകരമായ സാമൂഹിക വീക്ഷണ വികാസത്തിനും സർഗ്ഗപരവും ഒത്തുചേർന്നുള്ളതുമായ പാഠ്യേതര പ്രവർത്തനങ്ങൾ ആവശ്യമാണ്. പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയെന്നത് ഒരു സ്വാഭാവികതയായിത്തീരണം. കലാലയങ്ങളിലെ വ്യത്യസ്ത അഭിരുചികളോടു കൂടിയ വിദ്യാർത്ഥികൾക്കെല്ലാം പങ്കെടുക്കാൻ കഴിയുന്ന, ശ്രദ്ധയോടുകൂടെ ക്രമീകരിക്കപ്പെടുന്ന ധാരാളം പാഠ്യേതര പ്രവർത്തനങ്ങൾ ഉണ്ടാകണം. വിദ്യാർത്ഥികളെ വിലയിരുത്തുമ്പോൾ പാഠ്യേതര പ്രവർത്തനങ്ങളിലെ അവരുടെ പങ്കും പരിഗണിക്കപ്പെടണം. വീക്ഷണപരവും പെരുമാറ്റപര വുമായ സങ്കുചിത തത്ത്വങ്ങളുടെ ഭിത്തികൾ ഭേദിക്കാനിടയാക്കും. സർഗ്ഗാത്മകതയും സാമൂഹികബോധവും ശക്തിപ്പെടാൻ സഹായിക്കുകയും ചെയ്യും.

**14.71 അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.** കലാലയങ്ങളിലെ ഔപചാരിക പഠനക്രമങ്ങളോടൊപ്പം, വിദ്യാഭ്യാസ പ്രക്രിയയിൽ അനൗപചാരികമായ പ്രവർത്തനങ്ങൾക്കുള്ള സ്ഥാനവും അംഗീകരിക്കപ്പെടണം. മൂല്യസംസ്കരണത്തിലും വിജ്ഞാന വ്യാപനത്തിലും സാമൂഹികാവബോധ സൃഷ്ടിയിലുമൊക്കെ, അനൗപചാരികമായി നടക്കുന്ന വിദ്യാഭ്യാസം ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ട്. അനൗപചാരിക വിദ്യാഭ്യാസത്തോട് ആരോഗ്യപരമായ ഒരു സമീപനം വളർത്തുകയും അത് വിവേചനാപൂർവ്വം ശക്തിപ്പെടുത്താനുള്ള പരിപാടികൾ ക്രമീകരിക്കുകയും വേണം.

**14.80 അനധ്യാപക പ്രവർത്തകർ.** ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന അനദ്ധ്യാപകരുടെ പങ്കിനെക്കുറിച്ച് സമഗ്രമായ ഒരു

പഠനം ഇതുവരെ ഉണ്ടായിട്ടില്ല. വിദ്യാഭ്യാസചർച്ചയിൽ, അവരുടെ പങ്ക്, അപൂർവമായി മാത്രമേ പരാമർശിക്കപ്പെടാറുള്ളു. വിദ്യാഭ്യാസത്തെക്കുറിച്ച് വളർത്തിയെടുക്കാനാഗ്രഹിക്കുന്ന, ജനാധിപത്യതത്ത്വങ്ങളിലധിഷ്ഠിതമായ ദർശനത്തിൽ അവർക്കു തുല്യ പ്രാധാന്യമർഹിക്കുന്ന ഒരു ധർമ്മം അനുഷ്ഠിക്കാനുണ്ട്.

14.90 വനിതകൾ, ഇവിടെ ഉന്നത വിദ്യാഭ്യാസരംഗത്തുള്ളവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. പക്ഷേ വിദ്യാഭ്യാസഘടനയിലെ അവരുടെ സ്ഥാനം പുരുഷന്മാർക്കൊപ്പമല്ല. അധികാരസമിതികളിലുള്ള അവരുടെ പ്രാതിനിധ്യം തീർത്തും അപര്യാപ്തവുമാണ്. എല്ലാ തലങ്ങളിലും ഘടനകളിലുമുള്ള സ്ത്രീകളുടെ സമഗ്രമായ സ്ഥാനം ഉറപ്പാക്കാൻ, നീതിപൂർവ്വകമായ ഒരു വിദ്യാഭ്യാസവ്യവസ്ഥിതി ബാധ്യസ്ഥമാണ്.

# 15. ഉപസംഹാരം

15.00 കേരളത്തിലെ വിദ്യാഭ്യാസരംഗം തീവ്ര സംഘർഷത്തിലാണ്. വിദ്യാഭ്യാസമേഖല്യെ എന്നും അടക്കിവാണ യാഥാസ്ഥിതിക, നിക്ഷിപ്ത താല്പര്യക്കാർ; വിദ്യാഭ്യാസത്തെ ചരക്കായി നിർവചിക്കാനും, വിദ്യാഭ്യാസ ഘടനയെ ഉടച്ചുവാർക്കാനും അധീശത്വം സർവ്വ മേഖലകളിലേക്കും വ്യാപിപ്പിക്കാനും തിടുക്കം കൂട്ടുന്ന കമ്പോള മുതലാളിത്തം; കമ്പോള താല്പര്യപ്രീണനം മുഖ്യനയമാക്കി മാറ്റിയ സർക്കാർ; വിദ്യാഭ്യാസ പ്രക്രിയയെ, തൊഴിൽ വികസനാവശ്യങ്ങളോടു പ്രതികരണക്ഷമമാക്കാനാഗ്രഹിക്കുന്ന ആസൂത്രണ സാങ്കേതിക വിദഗ്ധർ; വിദ്യാഭ്യാസത്തിൻെറ കുറെയെങ്കിലുമുള്ള സാമൂഹികവത്കരണവും ജനാധിപത്യഘടനകളും സംരക്ഷിക്കാൻ ശ്രമിക്കുന്ന ജനകീയ ശക്തികൾ-ഇവരുടെ താല്പര്യ സംഘട്ടനങ്ങൾ, വിദ്യാഭ്യാസ സാഹചര്യത്തെ തികച്ചും സങ്കീർണ്ണമാക്കിയിരിക്കുന്നു. ഇവിടെ തിരിച്ചറിവ് കൂടിയേ തീരൂ; കാഴ്ചപ്പാടിൽ വ്യക്തതയും. വിദ്യാഭ്യാസമേഖലയിൽ മാറ്റങ്ങൾ ഉണ്ടാകുക തന്നെ വേണം. പക്ഷേ, എന്തുതരം മാറ്റങ്ങൾ? അവയുടെ ലക്ഷ്യങ്ങൾ? ഏതുതലങ്ങളിൽ? ആരുടെ താല്പര്യമാകണം മാനദണ്ഡം?

15.10 ശാസ്ത്രീയവും സമഗ്രവുമായ ചരിത്രവിശകലനവും സമൂഹോന്മുഖമായ വിദ്യാഭ്യാസദർശനവും നല്കുന്ന ആശയ വ്യക്തതയോടെ, സുദൃഢലക്ഷ്യബോധത്തോടെ, വിദ്യാഭ്യാസ വ്യവസ്ഥിതി മൗലികമായി നവീകരിക്കുന്ന പ്രവർത്തനമാണ്, എ.കെ.പി.സി.ടി.എ.യുടെ വർത്തമാനകാല ചുമതല. വിദ്യാഭ്യാസ വ്യവസ്ഥിതിയുടെ മൗലിക പരിവർത്തനം മുൻപിൽ വച്ചുള്ള ഈ പ്രവർത്തനം കേരളത്തിൻെറ സാംസ്കാരിക നവോത്ഥാനത്തിനു ശക്തമായ പ്രേരണയായും തീരണം.

7918

## References

1. Towards An Enlightened and Humane Society Part I Page V.

2. Paulo Freire: 'Man's ontological vocation is to be a subject who acts upon and transforms his world and in so doing moves towards ever new possibilities of fuller and richer life, individually and collectively'. Pedagogy of the Oppressed Page 12.

3. Empowering act.

4. Unlearning is as important as learning

5. Not less of the same kind but more of a different kind. Higher Education in India: Retrospect and Prospect Ed. Moonis Raza. page ix.

6. One word answer system

PG Library & Research Center

Printed at Learners' Offset Press, CMS College Road, Kottayam, © 567438

# വിദ്യാഭ്യാസനയം

370.1

എ.കെ.പി.സി.ടി.എ.

Indic Digital Archive Foundation
gpura.org